# ULKKAZHCHA

English, Malayalam & Tamil Quarterly

Vol. No. V MAY 2025 Issue No. 2

Qarterly Publication of Lutheran Christava Samskarika Vedi

Regd. under TCLS & CS Act of 1955 Reg.No.TVM/ TC/1192/2016

email: gslcsv1192@gmail.com

website: www.lcsv.in



# 2025-2028 ലെ LCSV ഭാരവാഹികൾ

PRESIDENT

**Rev.C.NESAMONY**
Elim, Mele Ponvila, Ayira.P.O
TVM- 695502
Mob: 9745814848

VICE PRESIDENT

**Rev.M.ROBINSON**
Kripalayam, Pulimoodu
Kulappada.P.O, Aryanadu,TVM
Mob: 9495666332

SECRETARY

**Dr.BABU K NORBERT**
Kripa, Vazhuthur, Neyyattinkara.P.O
TVM-695121
Mob: 9447242842, 9400329842

JOINT SECRETARY

**Mrs.SHALINI.R**
V.S.Bhavan, Ambilikonam
Ayira.P.O, TVM-695502
Mob: 9605073918

TREASURER

**Mr.SHIJIN.S.S**
Sujayam, Vazhappally
Near C.S.I Church,
Kandala
TVM-695512
Mob: 8078151538

Co-TREASURER

**Mrs.GEETHA.B.S**
Clement Villa, Paruthivila
Kunniyodu, Kakkavila.P.O
TVM, Mob: 7560870548

## EXECUTIVE MEMBERS

**Mr.Y.ALBERT**
A.B.Nivas, Puthanvila
Ayira.P.O, TVM-695502
Mob: 9746726029

**Mr.JUSTINDAS.J**
Pulluvila Veedu
Kunniyodu, Kakkavila, TVM
Mob: 9447021545

**Mr.GODWIN JOSEPH**
Nellikkakkuzhi
Near Mount Carmel School
Kanjiramkulam, TVM
Mob: 9447601900

**Mr.L.MOHANDAS**
Marakkamuttathu Veedu
Vazhuthur, Neyyattinkara
TVM-695121
Mob: 9447208616

**Mr.JOHN SELVAKUMAR.J**
Canaan, Aduvally
Mylakkara.P.O
TVM-695512
Mob: 9400762383, 9446178019

## 27-04-2025 ഞായറാഴ്ച കൂടിയ എൽ.സി.എസ്.വി യുടെ 8-ാമത് വാർഷിക പൊതുയോഗത്തിന്റെ ചില ദൃശ്യങ്ങൾ



# ULKKAZHCHA

**English, Malayalam & Tamil Quarterly**

Vol. No. V MAY 2025 Issue No. 2

**Qarterly Publication of Lutheran Christava Samskarika Vedi**

Regd. under TCLS & CS Act of 1955 Reg.No.TVM/ TC/1192/2016

email: gslcsv1192@gmail.com website: www.lcsv.in



**OUR PATRONS**



**Dr. T.P. SREENIVASAN**
Former Ambassador of
India to United Nation



**Shri. T.K.A. NAIR**
Former Principal Secretary to
Former Prime Minister of India



**Dr. CHRISTIAN BARTOLF ZINZENDORFSTR**
810888 Berlin Germany
Former Ambassador of
India to United Nations



**Dr. MARK EISINGER**
Civitan International Executive
Vice President and Past
International President, USA



**Dr. SHAIJU DAVID ALFI**
Social Scientist



**Mr. JUSTIN JOY J**
Section Officer,
Government Secretariat


## CONTENTS


എഡിറ്റോറിയൽ........................................4-6

പ്രസിഡന്റിന്റെസന്ദേശം............................7-10

സെക്രട്ടറി എഴുതുന്നു................................11

നോമ്പിന്റെ നോവും നന്മയും...................12-14

യേശുവിന്റെ ക്രൂശുമരണവും പുഃരുത്ഥാനവും15

കർത്താവിനെ തള്ളിപ്പറയുന്നവർ.............16-17

നിരന്തരം നയിക്കുന്ന ദൈവം..............................18

ജ്ഞാനികൾ.................................................19

Monsoon Diseases..........................20-21

**നവീന ഉലകില്‍ കിറിസ്തവ വിസുവാസം**..22-24

ബാലദർശനം - പത്തുകല്പനകൾ ...........25-26



## Editorial Board :

**Rev.C.Nesamony**
President, LCSV

**Mr.Shijin.S.S**
Treasurer, LCSV

**Dr. Babu K Norbert**
Chief Editor

**Rev.D.V.Bernard**

**Mr.Godwin Joseph**

**Mr.L.Mohandas**

**Mrs.Vimalakumari.P**

# എഡിറ്റോറിയൽ

## അനുഗ്രഹിക്കപ്പെട്ട തലമുറ

പിതാക്കന്മാരെ; നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ (എഫെ.6:4).

'ചൊല്ലിക്കൊട്' 'തല്ലിക്കൊട് തള്ളിക്കള' എന്നൊരു പഴമൊഴി മലയാളത്തിലുണ്ട്. പിതാക്കന്മാർക്ക് - മുതിർന്നവർക്ക് - നല്കുന്ന ഉപദേശം. 'ചൊല്ലിക്കൊട്' (കർത്താവിന്റെ പഥ്യോപദേശം പഠിപ്പിക്കുക) 'തല്ലിക്കൊട്' (കർത്താവിന്റെ ബാലശിക്ഷയിൽ വളർത്തുക) എന്നാണ്. 'തള്ളിക്കള' എന്നൊരു വകുപ്പിന് സ്ഥാനമില്ല. പോറ്റി വളർത്തുകയാണ് വേണ്ടത്. ബൈബിൾ അടിസ്ഥാനമാക്കിയുള്ള പഥ്യോപദേശവും, ശിക്ഷയും ലഭിക്കുന്ന കുട്ടി ഒരിക്കലും തെറ്റിപ്പോകയില്ല.

മാതാപിതാക്കൾ മക്കളെ ഉപദേശിക്കുകയും, ശിക്ഷിക്കുകയും ചെയ്യുന്നതിനു മുമ്പ് അവരുമായുള്ള വിശ്വാസം വളർത്തിയെടുക്കേണ്ടതുണ്ട്. അതിന്റെ ആദ്യപടി, അവരോട് കോപിക്കരുത് എന്നാണ്. നിങ്ങളുടെ മക്കൾ അധൈര്യപ്പെടാതിരിക്കേണ്ടതിന് അവരോട് കോപിക്കരുത് (എഫെ.3:21). മക്കൾക്കിഷ്ടമില്ലാത്തതും, കഴിയാത്തതുമായ കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നതും നിർബന്ധിക്കുന്നതും അവരിൽ കോപം ജനിപ്പിക്കാൻ കാരണമാകും. മദ്യപിക്കുകയും, തമ്മിൽ വഴക്കുണ്ടാക്കുകയും ചെയ്യുന്ന മാതാപിതാക്കൾ മക്കളിൽ കോപവും നിരാശയും ജനിപ്പിക്കുന്നു. മാതാപിതാക്കൾ മക്കൾക്കു മാതൃകയാകണം. മൊബൈൽ ഫോൺ, ടെലിവിഷൻ തുടങ്ങിയവ കുട്ടികൾക്കു ഹരമുളവാക്കുന്ന കാര്യങ്ങളാണ്. അതിന്റെ ദോഷവശങ്ങൾ അവർക്കു മനസ്സിലാക്കികൊടുത്ത് അവരെ അതിൽ നിന്നു പിന്തിരിക്കാൻ കഴിയണം. അതേ സമയം സദാസമയവും മൊബൈൽ, ടെലിവിഷൻ തുടങ്ങിയവ ഉപയോഗിക്കുന്ന മാതാപിതാക്കൾക്ക് 'അരുത്' എന്നു പറയാനുള്ള ധാർമ്മികത നഷ്ടപ്പെട്ടിരിക്കും.

**ബാലശിക്ഷ, പഥ്യോപദേശം എന്നിവയെക്കുറിച്ച് ദൈവം നല്കുന്ന പ്രബോധനം ശ്രദ്ധിക്കുക.**

**മക്കളോട് :** 'മകനെ യഹോവയുടെ ശിക്ഷ നിരസിക്കരുത്; അവന്റെ ശാസനയിൽ മുഷിയുകയുമരുത്' (സദൃ.3:11). 'മുമ്പേ ദൈവരാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്താ.6:33). 'എന്റെ വചനങ്ങളെ കൈക്കൊണ്ട് എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചാൽ, നീ ബോധത്തിനായി വിളിച്ച് വിവേകത്തിനായി ശബ്ദം ഉയർത്തുന്നു എങ്കിൽ; അതിനെ വെള്ളി പോലെ അന്വേഷിച്ച് നിക്ഷേപങ്ങളെപ്പോലെ തിരയുന്നു എങ്കിൽ; നീ യഹോവാ ഭക്തി ഗ്രഹിക്കയും ദൈവ പരിജ്ഞാനം കണ്ടെത്തുകയും ചെയ്യും' (സദൃ.വാ.2:2).

**പിതാക്കന്മാരോട് :**

'നീ (പിതാവ്) അവയെ (ദൈവത്തിന്റെ ന്യായപ്രമാണത്തെ) നിന്റെ മക്കൾക്ക് ഉപദേശിച്ചു കൊടുക്കേണം' (ആവ.6:7). 'പ്രത്യാശയുള്ളേടത്തോളം നിന്റെ മകനെ ശിക്ഷിക്ക; എങ്കിലും അവനെ കൊല്ലുവാൻ തക്കവണ്ണം ഭവിക്കരുത്' (സദൃ.വാ.19:18). 'ബാലനു ശിക്ഷ കൊടുക്കാതിരിക്കരുത്, വടി കൊണ്ടടിച്ചാൽ അവൻ ചത്തു പോകയില്ല' (സദൃ.വാ.23:13).

'വടിയും ശാസനയും ജ്ഞാനത്തെ നൽകുന്നു; തന്നിഷ്ടത്തിനു വിട്ടിരുന്ന ബാലനോ അമ്മക്കു ലജ്ജ വരുത്തുന്നു' (സദൃ.വാ.29:15). 'നിന്റെ മകനെ ശിക്ഷിക്ക; അവൻ നിനക്കു ആശ്വാസമായിത്തീരും' (സദൃ.വാ.29:17).

മുകളിൽ ചേർത്തിരിക്കുന്ന വചനങ്ങൾ ബാലശിക്ഷയുടെ ആവശ്യകതയെ ഉറപ്പിക്കുന്നു. മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും, മുതിർന്നവർക്കുമുള്ള പ്രബോധനം കാര്യമായി എടുക്കണം.

പിതാക്കന്മാർ - മാതാപിതാക്കൾ - എന്നതിനു വളരെ വലിയ അർത്ഥ വ്യാപ്തിയുണ്ട്. 'വീട്ടിലും, പള്ളിയിലും, പള്ളിക്കൂടത്തിലും, ജോലിസ്ഥലത്തും, സർക്കാരിലും ദൈവം നമ്മുടെ മേൽ ആക്കി വച്ചിരിക്കുന്ന എല്ലാവരും' എന്നാണ് ഡോ. മാർട്ടിൻ ലൂഥർ വിശദമാക്കുന്നത്. ഇത് എല്ലാവരും ഓർത്തിരിക്കണം. 'മാതാപിതാക്കൾ നന്നായാൽ മക്കൾ നന്നാകും. മാതാപിതാക്കളും മക്കളും നന്നായാൽ സമൂഹം നന്നാകും'.

ഭാരതത്തിൽ ഗുരുകുല വിദ്യാഭ്യാസം നിലവിലിരുന്നപ്പോൾ ഗുരുക്കന്മാർ ശിഷ്യഗണങ്ങളെ കഠിന പരിശോധനയിലൂടെയാണ് തെരഞ്ഞെടുത്തിരുന്നത്. കർക്കശവും, ചിട്ടയുമായ പരിശീലനത്തിനു വിധേയരാകുന്ന ശിഷ്യഗണങ്ങൾ തികഞ്ഞ കാര്യബോധത്തോടെയാണ് ജീവിതം ആരംഭിക്കുന്നത്. 'കുടിപ്പള്ളിക്കൂടങ്ങൾ' നിലവിൽ വന്നപ്പോൾ തെരഞ്ഞെടുപ്പിലും, പരിശീലനത്തിലുമുള്ള കാർക്കശ്യം ഇല്ലാതായി. വ്യവസ്ഥാപിത വിദ്യാഭ്യാസം രൂപം കൊണ്ടപ്പോൾ പഠന രീതിയിലും അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിലും മാറ്റം വന്നു. കാലം കഴിയുന്തോറും വിദ്യാ

ഭ്യാസത്തിന്റെ ലക്ഷ്യത്തിൽ നിന്ന് ആകെ അകന്നു പോയിക്കൊണ്ടിരിക്കുന്നു.

തലമുറകളെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിന് മുഖ്യ സ്ഥാനമാണുള്ളത്. അവരിൽ ദിശാബോധം സൃഷ്ടിച്ച് വഴിതെളിയിച്ചു കൊടുക്കാൻ വിദ്യാഭ്യാസത്തിനു കഴിയണം. ഇന്നു കലാലയാന്ത രീക്ഷം അക്രമാസക്തമായിരിക്കുന്നു. ആരും അച്ചടക്കം പാലിക്കുന്നില്ല. വിദ്യാഭ്യാസം കച്ചവടച്ചര ക്കാക്കിയിരിക്കുന്നു. സർക്കാരും, മാനേജ്മെന്റുകളും, രക്ഷകർത്താക്കളുമെല്ലാം ഇതിനു ഉത്തരവാദികളാണ്. വിദ്യാർത്ഥികളെ രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ ചട്ടുകമാക്കിയിരിക്കുന്നു. പലർക്കും രാഷ്ട്രീയ പരിശീലനക്കളരി കൂടെയാണ് കലാലയങ്ങൾ.

വിദ്യാഭ്യാസ മേഖലയിൽ വിവിധ ഏജൻസി കളും അവരുടെ പാഠ്യപദ്ധതികളും ഉണ്ട്. സംസ്ഥാന പാഠ്യപദ്ധതികളും (State Syllabus) കേന്ദ്ര പാഠ്യപ ദ്ധതികളും (Central Sylabus) ലഭ്യമാണ്. സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുമ്പോൾ ദേശീയതയുടെയും, കേന്ദ്ര പാഠ്യ പദ്ധതി പിൻതുടരുമ്പോൾ അന്തർദേശീ യതയുടെയും പശ്ചാത്തലം ഉരുത്തിരിയുന്നു. ഉയർന്ന ചെലവ് വഹിച്ച് ഉന്നത നിലവാരമുള്ള സ്കൂളുകളിൽ പഠിപ്പിക്കുന്നതാണ് മാന്യത എന്ന് പല മാതാപിതാ ക്കളും കരുതുന്നു. ഉന്നതങ്ങളിൽ പഠിക്കുന്നവർ കൂടു തൽ ഉന്നതങ്ങളിലെത്തുമ്പോൾ താഴോട്ടുള്ളതിനെ - മാതാപിതാക്കൾ ഉൾപ്പെടെ - എല്ലാം ത്യജിച്ചു കളയു ന്നു. പല മാതാപിതാക്കളും അനാഥരായിത്തീരുന്നത് ഈ പശ്ചാത്തലത്തിൽ കൂടെയുമാണ്. കുടുംബങ്ങ ളുടെ നിലനില്പും സമൂഹത്തിന്റെ വളർച്ചയും കണക്കിലെടുത്തു മാത്രമേ ഏതു കാര്യത്തിലും തീരുമാനം എടുക്കാവൂ.

പൂവക്കാട് സർവ്വകലാശാല ക്യാംപസിൽ റാഗിംഗിനെ തുടർന്ന് ഒരു വിദ്യാർത്ഥി തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത് അല്പം പഴക്കമുള്ള സംഭ വമാണ്. എന്നാൽ കോട്ടയത്തെ നഴ്സിംഗ് കോളേ ജിൽ ഒന്നാം വർഷ വിദ്യാർത്ഥികളെ രണ്ടാം വർഷ വിദ്യാർത്ഥികൾ അതിക്രൂരമായി റാഗിംഗ് നടത്തിയ സംഭവത്തിന് അത്ര പഴക്കമില്ല. കാട്ടാക്കട കോളേജ് ക്യാംപസിലെ കൂട്ടത്തല്ല്, വെള്ളറട ബസ് സ്റ്റാന്റിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ചേരി തിരിഞ്ഞുള്ള അക്രമ പ്രവർത്തനങ്ങൾ തുടങ്ങി നിര വധി സംഭവങ്ങൾ തുടർക്കഥയായി നടന്നു കൊണ്ടി രിക്കുന്നു. ഇതിനെതിരെ കാര്യമായ നടപടികളൊന്നും ഉണ്ടാകുന്നില്ല. ഇതിൽ ഒരു വിഭാഗം ഗവൺമെന്റ് അനുകൂല യൂണിയനിൽപ്പെട്ടവരായിരിക്കും എന്നുള്ള താണ്. കലാലയങ്ങൾ ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വിദ്യാർത്ഥികളിലെ ലഹരി ഉപയോ ഗമാണ്. പണമോഹികളും, സാമൂഹ്യദ്രോഹികളുമായ വൻകിടക്കാരാണ് ഇതിനു നേതൃത്വം നൽകുന്ന തെന്നു കണ്ടെത്തിയിട്ടുണ്ട്. ദേശീയ - അന്തർദേശീയ ശൃംഖലയാണ് ഇവർ സൃഷ്ടിച്ചിരിക്കുന്നത്. സർക്കാ രും, രാഷ്ട്രീയ പാർട്ടികളും, രക്ഷകർത്താക്കളും, പൊതുജനങ്ങളും ഇതിനെതിരെ രംഗത്തിറങ്ങിയതി ലൂടെ വൻ ലഹരി വേട്ടയാണ് നടന്നു വരുന്നത്.

കേരളം പുകവലി നിരോധിത സംസ്ഥാനമാ ണ്. പുകയില ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതും ക്രയ വിക്രയം ചെയ്യുന്നതും കുറ്റകരവും ശിക്ഷാർഹവുമാ ണ്. ലഹരി ഉപയോഗത്തിനെതിരെ കർശന നിലപാ ടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ, വിരോധാഭാസം എന്നു പറയട്ടെ, സംസ്ഥാ നത്തുടനീളം മദ്യ ഉല്പാദനവും, വിപണനവും സർക്കാർ ഉടമസ്ഥതയിൽ നടത്തി വരുന്നു എന്ന താണ്. ഈ നയം മാറ്റാൻ സർക്കാർ തയ്യാറാകണം. എങ്കിലേ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ആത്മാർത്ഥത ഉണ്ടാകൂ. സംസ്ഥാനത്തെ 'ലഹരി നിരോധിത' മേഖലയായി പ്രഖ്യാപിക്കണം.

ഭരണ സംവിധാനവും, നിയമപാലകരും, മാനേജ്മെന്റും, രക്ഷകർത്തൃ - അധ്യാപക സംഘട നകളും (P.T.A.) അദ്ധ്യാപകരും, വിദ്യാർത്ഥികളും, രാഷ്ട്രീയ പാർട്ടികളും, വിദ്യാർത്ഥി സംഘടനകളും, സന്നദ്ധ സംഘടനകളും ഒന്നിച്ചു പ്രവർത്തിച്ചാൽ വിദ്യാഭ്യാസ മേഖല നന്നാവും. മാതാപിതാക്കൾ മക്കളെ ഉപദേശിച്ചും ശിക്ഷിച്ചും വളർത്തണം. അദ്ധ്യാ പകർക്കു വിദ്യാർത്ഥികളുടെ മേൽ പൂർണ്ണ സ്വാത ന്ത്ര്യം നല്കണം. വിദ്യാർത്ഥികളെ ശിക്ഷിക്കുമ്പോൾ മാതാപിതാക്കളും സർക്കാരും അനാവശ്യ ഇടപെടൽ നടത്തരുത്. അകാരണമായി ശിക്ഷിക്കുന്നവരുടെ മേൽ നടപടിയെടുക്കണം. അവിടെ മുഖപക്ഷം കാണി ക്കരുത്. കഴിഞ്ഞ പൊതുപരീക്ഷയിൽ കുറിപ്പു കണ്ടെ ഴുതിയ കുട്ടിയെ പിടിച്ച അദ്ധ്യാപകന്റെ മേൽ നടപടി ഉണ്ടായി എന്ന പത്ര വാർത്ത കണ്ടു. വീട്ടിലും വിദ്യാ ഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്ക് പഠിക്കു വാനുള്ള സാഹചര്യം സൃഷ്ടിച്ചു നല്കേണ്ടത് സമൂ ഹത്തിന്റെ ഉത്തരവാദിത്വമാണ്. വിദ്യാഭ്യാസമായിരി ക്കണം വിദ്യാർത്ഥികളുടെ ഏക ലക്ഷ്യം. വിദ്യാർത്ഥി യൂണിയന്റേയും രാഷ്ട്രീയ പാർട്ടികളുടെയും ഏജന്റാ യിത്തീരുമ്പോൾ അവരവരുടെ ഭാവിയാണ് ബാധിക്ക പ്പെടുന്നതെന്ന് മനസ്സിലാക്കുക. ആര് വൈസ് ചാൻസിലർ ആകണം, ആര് വിദ്യാഭ്യാസമന്ത്രിയാ കണം എന്ന് ആലോചിച്ചു തലപുകക്കേണ്ട ആവശ്യം വിദ്യാർത്ഥികൾക്കില്ല.

വിദ്യാഭ്യാസത്തിന് സിവിൽ സർവ്വീസ്, മെഡി ക്കൽ, എൻജിനീയറിംഗ് തുടങ്ങിയ കോഴ്സുകൾ മാത്രമല്ല, മറ്റനേകം തൊഴിലധിഷ്ഠിത കോഴ്സുകളും ഉണ്ട്. ഉദ്യോഗത്തിൽ ഓഫീസർ, ഡോക്ടർ,

എൻജിനിയർ മാത്രമല്ല മാന്യമായ മറ്റനേകം ഉദ്യോഗങ്ങളും ഉണ്ട്.

വിദ്യാർത്ഥി അദ്ധ്യാപകനോടു ചോദിച്ചു; സാർ, 'ഹെഡാച്ച്' എന്ന വാക്കിന്റെ അർത്ഥമെന്താണ്? അദ്ധ്യാപകൻ ഒന്നു പകെച്ചു; നോക്കട്ടെ വാക്ക്. 'Headache' ഇതാണ് കുട്ടി 'ഹെഡാച്ച്' എന്നു വായിച്ചത്. വിദ്യാഭ്യാസ മേഖലയിൽ അനേകം പേർ 'ഹെഡാച്ച്' (Headache) ആയിത്തീർന്നിട്ടുണ്ട്. അവരൊന്നു മനസ്സു വച്ചാൽ ഇതു അവസാനിപ്പിക്കാവുന്നതേയുള്ളു. എല്ലാ കുട്ടികൾക്കും ക്ലാസ്സു കയറ്റം നല്കുന്ന നയം സർക്കാർ അവസാനിപ്പിക്കണം. ക്ലാസ്സു കയറ്റത്തിന് നിശ്ചിത മാനദണ്ഡം ഉണ്ടാകണം.

സമൂഹത്തിന്റെ നിലപാടും ഉത്തരവാദിത്വവും ഉറപ്പിക്കുമ്പോൾ പ്രശ്നങ്ങൾ ക്ലാസ്സു മുറിക്കു അകത്ത് പരിഹരിക്കാൻ കഴിയും.

വയസ്സിനാസ്പദമായി സമൂഹത്തെ മൂന്നായി തരംതിരിക്കാം.

1. വയോധികർ - അൻപത്താറു വയസ്സിനു മുകളിലുള്ളവർ
2. കൗമാര - യവ്വന പ്രായക്കാർ - പതിമൂന്നു വയസ്സു മുതൽ അൻപത്തഞ്ചു വയസ്സു വരെ 3. ശൈശവ - ബാല്യ പ്രായക്കാർ - പന്ത്രണ്ടു വയസ്സു വരെ

വയോധികർ പക്വതയുള്ളവരായി സമൂഹത്തിനു മാതൃകയാകണം. കല്പിക്കാനും, നിയന്ത്രിക്കാനും, നയിക്കാനും കഴിയണം.

ഭൂരിപക്ഷം വയോധികരും (മാതാപിതാക്കളും) ഇത്തരം കാര്യങ്ങളിൽ വളരെ പിന്നോക്കമാണ്. 'മക്കൾ കല്പിക്കുന്നു, മാതാപിതാക്കൾ അനുസരിക്കുന്നു' എന്ന നില മാറണം. ഒറ്റക്കും കൂട്ടായും മദ്യപിക്കുന്നതിൽ ഏറെ കുടുംബങ്ങൾ ഏക മനസ്സുള്ളവരാണ്. ഇത്തരം കുടുംബങ്ങളിൽ വഴക്കും, തമ്മിൽത്തല്ലും നിത്യ സംഭവങ്ങളാണ്. ഇവിടെ മക്കൾ സുരക്ഷിതരല്ല. വഴി തെറ്റിപ്പോകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

ഇരുപത്തഞ്ചു വയസ്സു വരെ (വിവാഹം വരെ) മക്കൾ മാതാപിതാക്കളുടെ നിയന്ത്രണത്തിലും നിരീക്ഷണത്തിലുമായിരിക്കണം ബന്ധുക്കളുടെ വീട്ടിൽ പോലും മാതാപിതാക്കളെ പിരിഞ്ഞു ജീവിക്കാൻ ഇടം കൊടുക്കരുത്. അവർ ശിക്ഷിക്കാൻ ധൈര്യപ്പെടില്ല എന്നു മാത്രമല്ല, അമിത ലാളനം നൽകുകയും ചെയ്യും. മാതാപിതാക്കൾ മക്കളെ സ്നേഹിക്കുകയും, ലാളിക്കുകയും ചെയ്യുമ്പോൾ ശിക്ഷിക്കാനുള്ള അവസരവും ഉണ്ടായിരിക്കണം. ഇപ്പോൾ വിദ്യാർത്ഥികളിൽ കണ്ടുവരുന്ന പ്രവണതയാണ് കൂട്ടുകാരിയുടെ സഹോദരന്റെ വിവാഹത്തിനും, കൂട്ടുകാരന്റെ സഹോദരിയുടെ വിവാഹത്തിനും തലേന്നു രാത്രി ചെന്ന് വളരെ വൈകി തിരിച്ചു വരിക എന്നത്. സഹോദരന് കൂട്ടുകാരിയേയും സഹോദരിക്ക് കൂട്ടുകാരനേയും കൂട്ടികൊടുക്കുന്ന രീതിയും അപൂർവ്വമല്ല. ഇക്കാര്യങ്ങളിൽ മാതാപിതാക്കൾ അതീവ ശ്രദ്ധാലുക്കളായിരിക്കണം. ഇക്കാലത്ത് കുറച്ചൊക്കെ ദാരിദ്ര്യവും ഇല്ലായ്മയും അനുഭവിക്കാൻ ശീലിപ്പിക്കുന്നത് ജീവിതത്തിൽ ഏറെ ഗുണം ചെയ്യും. രോഗികളെയും മരണവീടുകളെയും സന്ദർശിക്കുന്ന ശീലവും കുഞ്ഞുനാളിലേ വളർത്തിയെടുക്കണം.

വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ, സദാചാര ബോധനം, കൗൺസിലിംഗ്, ലഹരിവിരുദ്ധ പ്രബോധനം എന്നിവ നിർബന്ധമാക്കണം. സ്വകാര്യ - പൊതു മേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കും ഇത്തരം പദ്ധതികൾ നടപ്പിലാക്കണം.

അനുഗ്രഹിക്കപ്പെട്ട ഒരു തലമുറക്കായി കാത്തിരിക്കാം.

"യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു", അവയെ ആചരിക്കുന്നഎല്ലാവർക്കും നല്ല ബുദ്ധിയുണ്ട് (സങ്കീ: 111: 11)

പുതിയ അധ്യയന വർഷാരംഭത്തിൽ എല്ലാ കൊച്ചു കൂട്ടുകാർക്കും സർവ്വവിധ ആശംസകളും നേർന്നുകൊണ്ട്

സസ്നേഹം,

**Dr.Babu K Nobert**
Chief Editor

✱

---

# ആദരാഞ്ജലികൾ

**ജമ്മുകാശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ഇൻഡ്യൻ വിനോദ സഞ്ചാരികളായ സഹോദരങ്ങൾക്കും അതിർത്തിയിൽ വീരമൃത്യുവരിച്ച സൈനീകർക്കും എൽ.സി.എസ്.വി യുടെ ആദരാഞ്ജലികൾ**

# പ്രസിഡന്റിന്റെ സന്ദേശം

## ലൂഥറൻ സഭയ്ക്ക് എന്തുപറ്റി?

**ചി**ല വർഷങ്ങൾക്ക് മുമ്പ് കേട്ടൊരു കഥ ഇങ്ങനെ! ഒരു രാജാവിന് അയൽരാജ്യത്തെ രാജാവ് അത്ഭുത സിദ്ധികളുള്ള ഒരു കിളിയെ സമ്മാനമായി നൽകി. അതിഥികൾ വരുമ്പോൾ 'നമസ്തേ' പറഞ്ഞ് സ്വീകരിക്കും. 'Good bye' പറഞ്ഞ് യാത്ര യാക്കും. ആളുകളുടെ സംസാരങ്ങളും പ്രവർത്തി കളും നിരീക്ഷിച്ച് ഉചിതമായി പ്രതികരിക്കും. രാജാവ് കിളിയെ തന്റെ മക്കൾക്ക് സമ്മാനമായി നൽകി. കിളിക്ക് കൂട് നിർമ്മിക്കാൻ രാജ്യത്തിലെ ശിൽപികളെയും സ്വർണ്ണപ്പണിക്കാരെയും വിളിച്ചു വരുത്തി. രാജകൊട്ടാരം ഏറെ സജീവമായി, എവി ടെയും ആനന്ദം അലതല്ലി. രാജകുമാരിയും സന്തോ ഷവതിയായി. ചില നാളുകൾക്കുള്ളിൽ മനോഹര മായ ഒരു സ്വർണ്ണക്കൂട് തയ്യാറായി. കിളിയെ കൊണ്ടു വരാൻ കിളിയെ സൂക്ഷിച്ചിരുന്ന മുറിയിൽ എത്തിയവർ ആ കാഴ്ച കണ്ട് സ്തപ്തരായി. കിളി ചത്ത് മലർന്ന് കിടക്കുന്നു. കിളിക്കൂട് ഉണ്ടാക്കുന്ന തിരക്കിൽ എല്ലാവരും കിളിയെ മറന്നു. കിളി ഭക്ഷ ണവും വെള്ളവും കിട്ടാതെ തളർന്ന് മരിച്ചു.

ലൂഥറൻ സഭകളിൽ പ്രത്യേകിച്ച് തിരുവന ന്തപുരം സിനഡിലെ സഭകളിൽ നടന്നു വരുന്ന ബൈബിൾ വിരുദ്ധരുമായ ഉപദേശങ്ങളും പഠന ങ്ങളും ആഘോഷ-കലാപരിപാടികളും കാണു മ്പോൾ കിളിക്കുണ്ടായ അനുഭവം ലൂഥറൻ സഭയ്ക്കും ഉണ്ടാകുമോ എന്ന് ഭയപ്പെടുന്നു. ഉണ്ടാ കരുതേ എന്ന് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഉപദേശ വിരുദ്ധമായിട്ടുള്ള കൂട്ടുകെട്ടു കളും, സല്ലാപങ്ങളും (അവിശ്വാസികളോടുള്ള ഇണ യില്ലാ പിണ) 'സഭയെ' 'സഭ' അല്ലാതാക്കിക്കൊണ്ടി രിക്കുന്നു. വിരുദ്ധ ഉപദേശങ്ങളുടെയും ആചാരങ്ങ ളുടെയും കള വിതച്ച് നൂറു മേനി കൊയ്തു കൊണ്ടി രിക്കുന്നു. മുമ്പെങ്ങും കേട്ടിട്ടില്ലാത്ത ഉപദേശങ്ങളും കണ്ടിട്ടില്ലാത്ത ആചാര അനുഷ്ഠാനങ്ങളും ആരാ ധനകളുമാണ് നടന്നു കൊണ്ടിരിക്കുന്നത്. ഒന്നിനും ഒരു ചിട്ടയും ക്രമവും ഇല്ലാതായിരിക്കുന്നു. ബൈബിൾ വ്യാഖ്യാനിക്കുന്നതിന്റെ നിയമങ്ങളും നിബന്ധനകളും പാലിച്ച്ദൈവവചനം പഠിക്കു കയും വ്യാഖ്യാനിക്കുകയും ചെയ്താൽ മുകളിൽ പരാമർശിച്ച കാര്യങ്ങൾ പരിഹരിക്കാവുന്നതേയു ള്ളൂ.

ഇന്ത്യയിൽ ലൂഥറൻ സഭ പിറവിയെടുത്തിട്ട് അഞ്ചാം തലമുറയിൽ എത്തി നിൽക്കുന്നു. ഒന്നാം തലമുറയുടെ ആദ്യ പകുതിയിൽ, സുവിശേഷ പ്രവർത്തനം ആരംഭിക്കുമ്പോൾ എല്ലാവരും അക്രൈസ്തവരും ആചാര അനുഷ്ഠാനങ്ങൾ നിർവഹിക്കുന്നവരും ആയിരുന്നു. അവരിൽ പൂജാ രികളും, മന്ത്രവാദികളും, ക്ഷുദ്രക്കാരും ഉണ്ടാ യിരുന്നു. Rev. M. Gomez-ന്റെ 'തുള്ളൽ പുരയിൽ നിന്നൊരു തുടക്കം' എന്ന പുസ്തകം ഇതിന് അടി വര ഇടുന്നു. അതിന്റെ സ്വാധീനവും അനുഭവങ്ങളും അഞ്ചാം തലമുറയായിട്ടും മാറിയിട്ടില്ല. ഇതര മത ങ്ങളിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചവരെ കൺവെൻഷൻ പ്രാസംഗികരായി അവതരിപ്പിക്കുന്ന രീതി പല സഭാവിഭാഗങ്ങളും സ്വീകരിച്ചു കാണു ന്നു. ശരിയായ ബൈബിൾ പരിജ്ഞാനവും, വിശ്വാ സവും ലഭിച്ചതിനു ശേഷം മാത്രമേ അത്തരക്കാരെ വചനം പഠിപ്പിക്കാനും ശുശ്രൂഷകൾക്കും (സണ്ടേ സ്കൂൾ അദ്ധ്യാപകർ, സഭാശുശ്രൂഷകർ) പ്രയോ ജനപ്പെടുത്താവൂ. ഇതര സഭകളിൽ നിന്നു വരുന്ന വർക്കും ഈ നിബന്ധന ബാധകമാണ്. ഒന്നാം തലമുറയിൽ കുറച്ചു പേരും രണ്ടും മൂന്നും തലമുറ കളിൽ ഭൂരിപക്ഷം പേരും ക്രിസ്തീയ മാർഗ്ഗം സ്വീ കരിച്ചു. മിഷണറിമാരുടെയും ഉപദേശിമാരുടെയും ചിട്ടയായ വചനപഠനവും പ്രവർത്തനങ്ങളും മൂലമായിരുന്നു ഇത്. നാലാം തലമുറയുടെ രണ്ടാം പകുതിയിൽ വചന പഠനവും പ്രവർത്തനങ്ങളും മന്ദീഭവിച്ച് ഇല്ലാതായി. അത് അഞ്ചാം തലമുറയെ, 'ന്യൂജനറേഷന്റെ' പിടിയിലും സ്വാധീനത്തിലും ആക്കി. ചിട്ടയായ 'സത്യോപദേശ അടിസ്ഥാനത്തി ലുള്ള' വചനപഠനത്തിലും, പ്രവർത്തനങ്ങളിലും കൂടെ മാത്രമേ ഈ ദുസ്ഥിതിക്ക് പരിഹാരം കണ്ടെ ത്താൻ കഴിയൂ.

2023 ഒക്ടോബർ മാസത്തിൽ വയനാട്ടിലെ ലൂഥറൻ സഭയുടെ പ്രവർത്തന കേന്ദ്രമായ സുൽത്താൻ ബത്തേരിയിൽ നിന്നാരംഭിച്ച് കേരള ക്കരയിലെ ആദ്യ ലൂഥറൻ സഭയായ കുറ്റിച്ചൽ ലൂഥറൻ സഭ വരെ 'നവീകരണ ദീപശിഖ റാലി' നടത്തുകയുണ്ടായി. ഇതോടനുബന്ധിച്ച് 'ലൂഥറൻ മഹാസംഗമവും' സംഘടിപ്പിച്ചിരുന്നു. ഒരു കത്തോ

ലിക്ക ബിഷപ്പിനെ മുഖ്യാതിഥിയായി പങ്കെടുപ്പിച്ച തിലൂടെ തിരുവനന്തപുരം സിനഡിന്റെ ചരിത്ര ത്തിൽ സംഭവിച്ചിട്ടില്ലാത്ത മഹാപരാധമാണ് സിനഡ് ഭാരവാഹികൾ എഴുതിച്ചേർത്തത്. 'ദീപ ശിഖാ റാലിയിലും' 'മഹാസംഗമത്തിലും' വിരമിച്ച പുരോഹിതന്മാരെ ആരെയും ക്ഷണിച്ചിരുന്നില്ല എന്നുള്ളതും ഐ.ഇ.എൽ.സി.യുടെ ചരിത്രത്തിൽ ആദ്യ സംഭവമാണ്. മുമ്പേ തന്നെ ഇവർക്ക് ഭരണ ഘടനയിലൂടെ 'സഭാഭ്രഷ്ട്' കൽപിച്ചിരുന്നുവല്ലോ! കത്തോലിക്ക ബിഷപ്പ്മാരും ലൂഥറൻ ചർച്ച് മിസ്സൂറി സിനഡ് (LCMS) നേതൃത്വവും തമ്മിൽ അന്തർദേ ശീയ തലത്തിൽ സഭാ ഐക്യസംഭാഷണങ്ങൾ നട ക്കുന്നു' എന്ന് ഇന്ത്യാ ഇവാഞ്ചലിക്കൽ ലൂഥറൻ സഭ (IELC) പ്രസിഡന്റ് ഇതേ വേദിയിൽ നടത്തിയ പ്രസ്താവന ലൂഥറൻ സഭയ്ക്ക് ഏറെ ദോഷമായി ഭവിച്ചു. ബിഷപ്പിനെ സന്തോഷിപ്പിക്കാനുള്ള ഒരു ശ്രമമായിരുന്നാൽപോലും, ദൈവശാസ്ത്ര പരി ജ്ഞാനമില്ലാത്ത പരിമിതമായ അറിവ് മാത്രമുള്ള സാധാരണ സഭാജനങ്ങളിൽ ആശയകുഴപ്പവും വിശ്വാസത്തകർച്ചയും ഉളവാകാൻ ഇത് കാരണമാ യി. ലൂഥറൻ സഭയുടെ പിന്നീടുള്ള പ്രവർത്തനങ്ങ ളിൽ വിരുദ്ധ ഉപദേശകരുമായുള്ള ഐക്യസംഗമ ത്തിനുള്ള ആക്കം കൂട്ടി. സാധാരണക്കാരുടെ മാത്രമല്ല, ഉന്നതരായ ലൂഥറൻകാരുടെ ഉപദേശ വിരുദ്ധതയും വിശ്വാസത്തകർച്ചയും കൂടെ ആണ് ഇതിലൂടെ വെളിപ്പെട്ടു കൊണ്ടിരിക്കുന്നത്'.

നവീകരണ ആശയങ്ങൾ പ്രചരിപ്പിച്ച് ജന ങ്ങളെ പ്രബുദ്ധരാക്കി ലൂഥറൻ ഉപദേശത്തിന്റെ അടിത്തറ ഉറപ്പിക്കുക എന്നതായിരുന്നുവല്ലോ സംഘാടകരുടെ ഉദ്ദേശം. ഇതിന്റെ ഫലം കണ്ടില്ല എന്ന് മാത്രമല്ല വിപരീത ഫലങ്ങൾ സഭകളിൽ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. ഐ.ഇ.എൽ.സി. ഇന്ന് സത്യഉപദേശം നഷ്ടപ്പെട്ട വിശ്വാസ ത്യാഗികളുടെ സമൂഹമായിത്തീർന്നിരിക്കുന്നു. ലൂഥറൻ പൈതൃകം ഉപേക്ഷിച്ചതിലൂടെ കള്ളപ്രവാചകന്മാർക്കും വിരുദ്ധ ഉപദേശകർക്കും വളക്കൂറുള്ള ഇടമായി തീർന്നിരി ക്കുന്നു ലൂഥറൻ സമൂഹം.

കൃപയാലുള്ള രക്ഷ ക്രിസ്തു മതത്തിന്റെ മാത്രം പ്രത്യേകതയും മുഖ്യ ഉപദേശങ്ങളിൽ ഒന്നു മാണ്. രക്ഷ ദൈവത്തിന്റെ ദാനവും, ഇവ രണ്ടും മനസ്സിലാക്കാനും അനുഭവിക്കാനും കഴിയാതവണ്ണം ലൂഥറൻ സഭയ്ക്ക് വിശ്വാസത്തകർച്ച സംഭവിച്ചിരി ക്കുന്നു.

2024-ലെ സണ്ടേസ്കൂൾ റാലികളിലും ക്രിസ്മസ്സ് ഘോഷയാത്രകളിലും 'ജനശ്രദ്ധ' പിടിച്ചു പറ്റിയതും ലൂഥറൻകാർക്ക് പുതുമയുള്ളതുമായ ഒരി നമായിരുന്നു. 'പുൽകൂട്', മറിയയും, യോസഫും ആട്ടുക്കുട്ടികളും (ജീവനുള്ളവ) - മറിയയുടെ മടിത്തട്ടിൽ കമ്പോളത്തിൽ നിന്ന് വാങ്ങിയ പാവ ക്കുട്ടിയും ഉൾപ്പെട്ട ദൃശ്യം വിഗ്രഹാരാധനയ്ക്ക് വഴി തുറക്കുന്നു. ക്രിസ്മസ്സ് കാലത്ത് കെട്ടി എഴുന്നള്ളി ക്കുന്ന സാന്താക്ലോസ് - ക്രിസ്മസ് അപ്പൂപ്പൻ - കത്തോലിക്ക സഭയുടെ പുണ്യാളനുമാണ്. ഇവയി ലൂടെ എന്ത് സന്ദേശമാണ് നമുക്ക് ലോകത്തിന് നൽകാനുള്ളത്? 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്; ഒരു വിഗ്രഹവും ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിലെങ്കിലും, താഴെ ഭൂമിയിലെങ്കിലും, ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലുമുള്ള യാതൊന്നി ന്റെ പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്' എന്നത് ലൂഥറൻ സഭ പൂർണ്ണമായും ഉപേക്ഷിച്ചിരിക്കുന്നു.

ഇതര മതങ്ങളിൽ നടത്തുന്ന ഘോഷയാത്ര കളും കലാപരിപാടികളും മാതൃകയാക്കിയാണ് ലൂഥ റൻ സഭ ഇപ്പോൾ പ്രവർത്തിക്കുന്നത്. അത്തരം ഒരു ദൃശ്യം കണ്ടാൽ ഉടൻ ലൂഥറൻ മേലധികാരികൾ - ശുശ്രൂഷകരും - മനസ്സിൽ കുറിച്ചിടും; 'ഇതു പോലൊന്നായിരിക്കണം നമ്മുടെ അടുത്ത പരി പാടി'. ലൂഥറൻകാർ അങ്ങിങ്ങ് കാണിക്ക വഞ്ചി കളും കുരിശടികളും സ്ഥാപിച്ച് കൊണ്ടിരിക്കുന്നു. 'ഉദ്ദിഷ്ട കാര്യത്തിന് ഉപകാര സ്മരണ' എന്ന വണ്ണം കാണിക്കകളും പുണ്യാള ആരാധനകളും നടത്തി വരുന്നു. ഇതും വിഗ്രഹാരാധന തന്നെ. 'പുണ്യാള ബിംബപൂജ' എന്നതു പാപമാണെന്ന ലൂഥറൻ സഭ യുടെ വിശ്വാസത്തിന്റെ ലംഘനവും.

പേരും തുകയും രേഖപ്പെടുത്തിയ കവറിൽ തിരുവത്താഴ കാണിക്ക സമർപ്പിക്കുന്ന രീതിയും ഇപ്പോൾ ചില സഭകളിൽ ആരംഭിച്ചിരിക്കുന്നു. ഇതു പാപമോചന ചീട്ടു വില്പനയുടെ മറ്റൊരു പതിപ്പാ ണ്.

തീർത്ഥാടന കേന്ദ്രങ്ങളും 'മിനി ചാപ്പലുകളും - കുരിശ്ശടിയുടെ മറ്റൊരു പതിപ്പ് - യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഭക്തിക്കും, രക്ഷയുടെ ഉറപ്പിനും ഇതെല്ലാം അത്യാവശ്യ ഘട കങ്ങളെന്നാണ് പലരും വിശ്വസിക്കുകയും, പഠിപ്പി ക്കുകയും പരിശീലിപ്പിച്ചു പ്രോത്സാഹിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നത്.

ലൂഥറൻ ദൈവാലയങ്ങളിൽ 'മറിയ സ്തുതി' മുഴങ്ങേണ്ടതുണ്ടോ? മുഴക്കേണ്ടതുണ്ടോ? "ക്രൂശിന്റെ വഴി" പ്രദർശിപ്പിക്കുന്നതിലൂടെ "യേശുക്രിസ്തുവിന്റെ നാമത്തിൽ" ഉണ്ടാകുന്ന കഷ്ടങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ കഴിയുമോ? അതു ശരിയാണോ? ഭൂരിപക്ഷം ക്രിസ്ത്യാനികളും, സ്വന്ത പാപത്താൽ വരുന്ന ശിക്ഷകളെ തിരിച്ചറിയാറില്ല. എന്നാൽ കഷ്ടനഷ്ടങ്ങൾ ഒഴിവാകാൻ ഉപവാസ പ്രാർത്ഥനകൾ നടത്താറുണ്ട്. പാപബോധത്തോടെ പാപങ്ങൾ ഏറ്റു പറയുന്നത് ആവശ്യമാണ്. സ്നാനത്തെക്കുറിച്ച് പറയുന്ന ഒരു അനുഭവം "യേശുക്രിസ്തുവിനോടു കൂടെ ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു (റോമർ 6:3) എന്നാണ്.

ഇന്നു ഭൂരിപക്ഷം ലൂഥറൻകാരും കത്തോലിക്കരുടെയും പെന്തെക്കോസ്തുകാരുടെയും ഉപദേശങ്ങളിലും പാരമ്പര്യങ്ങളിലും കുടുങ്ങി വലിച്ചിഴക്കപ്പെടുന്നു. അവരെ അവരുടെ വഴിക്ക് വിടുകയാണ് ഉത്തമം. നമുക്കു തുറന്നു തന്നിരിക്കുന്ന രക്ഷയുടെ പാതയിൽ നിന്നു വ്യതിചലിക്കാതെ മുന്നേറാം. ക്രൂശിതരൂപം ധരിക്കുന്നതും സ്ഥാപിക്കുന്നതും ലൂഥറൻകാർക്ക് ഒരു വെല്ലുവിളിയായിത്തീർന്നിരിക്കുന്നു. വെല്ലുവിളി ഉയർത്തുന്നത് മറ്റാരുമല്ല. ലൂഥറൻ സഭാശുശ്രൂഷകരും നേതാക്കളും തന്നെ. 'കുരിശുമലകൾ' കയറുന്നതും പുണ്യ സ്ഥലങ്ങളിൽ തീർത്ഥാടനം നടത്തുന്നതും ഇവർക്കും കുടുംബങ്ങൾക്കും ഹരമാണ്. കഴിഞ്ഞവർഷം സിനഡ് പ്രസിഡന്റും സംഘവും കുരിശുമലകളും തീർത്ഥാടന കേന്ദ്രങ്ങളും സന്ദർശിച്ച് ശ്രദ്ധാകേന്ദ്രമായെങ്കിൽ, ഇത്തവണ അനേകം പേർ ഈ പാത പിന്തുടരുന്നു. ഒരു ലൂഥറൻ പുരോഹിതന്റെ മകൻ തന്നെ കുരിശുമലയിൽ കയറി 'നേർച്ചക്കഞ്ഞി' ഒഴിക്കുകയും ചെയ്തു.

പല ലൂഥറൻകാരും 'ജപമാല' ധരിക്കാൻ തുടങ്ങിയിരിക്കുന്നു. കത്തോലിക്കാ ദേവാലയങ്ങളിൽ നിന്നോ തീർത്ഥാടന കേന്ദ്രങ്ങളിൽ നിന്നോ വാങ്ങുന്നവയാണിത്. ഇതു ധരിക്കുന്നവരുടെ 'രോഗപീഡകൾ നീങ്ങിക്കിട്ടുമെന്നാണ് വിശ്വസിപ്പിക്കുന്നത്. ഇതര മതസ്ഥർ തകിടുകളും, കുഴലുകളും രക്ഷയായി ധരിക്കുന്നതുപോലെ ഒരു സ്ഥാനമേ അതിനുള്ളൂ. കുരിശും കുരിശു മാലയും, ജപമാലയും ധരിക്കുന്നതിൽ ഒരു രക്ഷയും ബൈബിളിൽ വെളിപ്പെടുത്തുന്നില്ല. ലത്തീൻ കത്തോലിക്കർക്കു സമുദായ സംവരണം നിലനില്ക്കുകയും, റോമൻ കത്തോലിക്കർക്കു നഷ്ടപ്പെടുകയും ചെയ്തപ്പോൾ, റോമൻ കത്തോലിക്കർ, ലത്തീൻ കത്തോലിക്കർ എന്ന് പേരുമാറ്റി ലത്തീൻകത്തോലിക്കരുടെ സംവരണ ആനുകൂല്യം തട്ടിയെടുക്കാൻ സ്വീകരിച്ച മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു 'ജപമാല' ധരിക്കുന്നത്. ലത്തീൻ കത്തോലിക്കർ മുമ്പേ തന്നെ ജപമാല ധരിച്ചിരുന്നു. വിജിലൻസ് അന്വേഷണത്തിൽ കുടുങ്ങിപ്പോകാതിരിക്കാനാണ് പേരുമാറ്റം ചെയ്തു സമുദായ പേരും ഉപേക്ഷിച്ച് റോമൻ കത്തോലിക്കർ ജപമാല ധരിച്ചു തുടങ്ങിയത്. കൂടുതൽ വിശ്വാസ്യത ഉറപ്പാക്കാൻ വളർത്തു മൃഗങ്ങളെയും ജപമാല അണിയിച്ചിരുന്നു. ഇതും ഒരു തട്ടിപ്പിന്റെ ഭാഗം തന്നെ. വിശ്വാസത്തിനു ഇടർച്ചയും, അടിമ നുകത്തിൽ കുടുങ്ങിപ്പോകുന്ന പ്രവണതകൾ, ലൂഥറൻ പുരോഹിതരും നേതൃത്വവും, ജനങ്ങളും ഉപേക്ഷിക്കുക തന്നെ വേണം.

വിഗ്രഹാരാധനയും, ദൈവദൂഷണവും, കള്ള ഉപദേശങ്ങളും പരിശുദ്ധാത്മാവിനു നേരെയുള്ള ക്ഷമിക്കപ്പെടാത്ത പാപങ്ങളാണ്. അതു ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. അതുവരെ എത്താതിരിക്കാതെ 'ഇതാകുന്നു സുപ്രധാന കാലം. ഇതാകുന്നു രക്ഷാ ദിവസം' എന്നു കരുതിയാൽ നന്ന്.

കേരള കൗൺസിൽ ഓഫ് ചർച്ചസി (K.C.C.) ന്റേയും ഓൾ ഇൻഡ്യ സൺഡേസ്കൂൾ അസോസിയേഷ (A.I.S.A.) ന്റേയും യൂണിറ്റുകൾ പ്രാദേശികമായും, സഭാ തലത്തിലും സ്ഥാപിക്കാൻ സഭാശുശ്രൂഷകർ വെമ്പൽ കൊള്ളുകയും നേതൃത്വം നല്കുകയും ചെയ്യുമ്പോൾ ഓർക്കുക, നിങ്ങളുടെ ശുശ്രൂഷയിലിരിക്കുന്ന ജനങ്ങൾ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിന്തിയും, ചിതറിയും പോകുന്നു എന്നു മനസ്സിലാക്കുക. ചിലർക്കു കൂട്ടുകെട്ടുകൾ ഉറപ്പിക്കാനും, നേട്ടങ്ങൾ കൊയ്യാനും, സ്ഥാനമാനങ്ങൾ നേടിയെടുക്കാനും, ഇല്ലാത്ത മോടി നടിക്കാനും വേണ്ടിയുള്ള ഒതു തട്ടിപ്പു തന്നെ.

അടുത്ത കാലത്തു ഒരു ലൂഥറൻ സഭയിൽ, സഭാ ഐക്യ സമ്മേളനം നടത്തി. ഇതര സഭകളിൽ നിന്നുള്ളവർ വന്നു പ്രസംഗിച്ചു പോയി. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെന്നു ആരും വിശദമാക്കിയില്ല. അവസാന ദിവസം ഒരു 'കന്യാസ്ത്രീ' നയം വ്യക്തമാക്കി. 'ഞങ്ങളും നിങ്ങളും ത്രിയേക ദൈവ

ത്തിലാണ് വിശ്വസിക്കുന്നത്. നമുക്കു തമ്മിൽ വ്യത്യാസങ്ങളൊന്നുമില്ല. നാം ഒന്നാണ്, സ്ത്രീകൾ തമ്മിൽ പറഞ്ഞു, 'നോക്കിക്കേ! നാമും കത്തോലിക്ക സഭയും തമ്മിൽ വ്യത്യാസങ്ങളൊന്നും ഇല്ല, നാം ഒന്നാണ്'. ഐക്യ സമ്മേളനം കൊണ്ടുള്ള നേട്ടം മറ്റു സഭകൾക്കെല്ലാമാണ്. കോട്ടം ലൂഥറൻ സഭക്കു മാത്രം.

കൺകോർഡിയ സെമിനാരിയിലും തിരുവനന്തപുരം സിനഡിലും ഉണ്ടായിരുന്ന പുസ്തകശാലകൾ മത്സര ബുദ്ധിയോടെ അടച്ചു പൂട്ടി. ഇപ്പോൾ തിരുവനന്തപുരം സിനഡിൽ ഒരു 'പുസ്തകശാല' തുറന്നിരിക്കുന്നു. അവിടെ എല്ലാവിധ പ്രസിദ്ധീകരണങ്ങളും ലഭ്യമാണ്. കത്തോലിക്ക ആരാധന വസ്തുക്കളും വിപണനം ചെയ്തു വരുന്നു. വളരെ ശ്രദ്ധേയമായ വിഷയം, ഉപേക്ഷിക്കപ്പെട്ട (Apocripha) പുസ്തകങ്ങൾ ഉൾപ്പെട്ട ബൈബിളും വിൽക്കപ്പെടുന്നു എന്നുള്ളതാണ്. ഉപദേശ വിരുദ്ധമായതിനാൽ നവീകരണ കർത്താക്കൾ ഉപേക്ഷിച്ച പുസ്തകങ്ങളാണിവ. അടുത്ത കാലത്ത് ഒരു ലൂഥറൻ പാസ്റ്റർ സഭയിൽ പ്രസംഗിച്ചതിങ്ങനെ : 'അബ്രഹാം യിസഹാക്കിനെ യാഗം അർപ്പിക്കാൻ ഒരുങ്ങുമ്പോൾ യഹോവ, നിന്റെ വീട്ടിൽ ഒരു യാചകൻ എത്തിയിട്ടുണ്ട്. ആദ്യം അവനെ ദാനങ്ങൾ നൽകി അയയ്ക്കുക. പിന്നെ വന്നു യാഗം കഴിക്ക്'. ഇതെവിടെ നിന്നു കിട്ടി എന്നു ഒരു മുതിർന്ന പുരോഹിതൻ അന്വേഷിച്ചപ്പോൾ 'അപ്പൊക്രിഫ' പുസ്തകത്തിൽ നിന്നെന്നായിരുന്നു മറുപടി. ഈ പുസ്തകശാല മുഖാന്തിരം ഇങ്ങനെയുള്ള ദുരന്തങ്ങളും സംഭവിച്ചു കൊണ്ടിരിക്കുന്നു.

തിരുവനന്തപുരം സിനഡിൽ വൈദീകരിൽ പുതിയൊരു തസ്തിക സൃഷ്ടിച്ചിരിക്കുന്നു. 'വൈൻ ബിഷപ്പ്' ഇദ്ദേഹം സിനഡ് പ്രസിഡന്റിന്റെ മുകളിൽ പ്രതിഷ്ഠിക്കപ്പെട്ട പുതിയ അവതാരമാണ്.

വിഗ്രഹാരാധികൾ, ബഹു ദൈവ വിശ്വാസികളുമാണ്. ഏക ദൈവ വിശ്വാസികൾക്ക് എങ്ങനെ വിഗ്രഹാരാധികൾ ആകാൻ കഴിയുന്നു. കത്തോലിക്ക സഭ സ്ഥാപിതമായ രാജ്യങ്ങളിൽ അവരുടെ മതപരമായ ആചാരാനുഷ്ഠാനങ്ങൾ പിന്തുടർന്നു സഭയെ ജനകീയമാക്കുന്ന നയമാണ് സ്വീകരിച്ചിരുന്നത്. ഇൻഡ്യയിൽ മിഷണറി പ്രവർത്തനം ആരംഭിച്ച ജസ്സുട്ട് സന്യാസ സമൂഹം (Jessuit Fathers) സഭയെ ഭാരതവല്ക്കരിക്കുന്ന (Indigenus) നയമാണ് പിന്തുടരുന്നത്. ലൂഥറൻ സമൂഹത്തിന് മുൻകാലങ്ങളിൽ നിലനിന്നിരുന്ന ശ്രേഷ്ഠത വീണ്ടെടുത്തു സമൂഹത്തിൽ തല ഉയർത്തി നില്ക്കണം. അതിനു K.C.C. യും A.I.S.A. യും ആവശ്യമില്ല.

കത്തോലിക്ക ഉപദേശങ്ങളും, പാരമ്പര്യങ്ങളും പെന്തെക്കോസ്തു ആശയങ്ങളും രീതികളും ഉപേക്ഷിക്കണം. അഗ്നി ആരാധനകളും (ആകാശത്തിൽ നിന്നു തീ ഇറങ്ങി ദഹിപ്പിക്കുന്ന ന്യായവിധി) നാം ആഗ്രഹിക്കുന്നില്ല. ഉണർവ്വു യോഗങ്ങളും (പാട്ടും പ്രസംഗവും, പ്രാർത്ഥനയും, അപശബ്ദങ്ങളും ഒന്നിച്ചു വരുന്ന ശബ്ദമുഖരിതമായ) നമുക്കു വേണ്ട. ഇന്നു പ്രചാരത്തിലിരിക്കുന്ന അന്യഭാഷയും (ഊതിയതോ മീട്ടിയതോ എന്നു തിരിച്ചറിയാത്ത അച്ചടക്കമില്ലാത്ത) നാം പരിചയപ്പെടേണ്ടതില്ല. എല്ലാം ക്രമവും, ഉചിതവുമായി നടക്കട്ടെ. നൂറ്റാണ്ടുകളിലെ ആലോചനകൾക്കും ചർച്ചകൾക്കും തിരുത്തലുകൾക്കും ശേഷം ഉണ്ടായ തീരുമാനങ്ങളാണ് ലൂഥറൻ സഭയുടെ വചന വ്യാഖ്യനത്തിനും ഉപദേശ രൂപീകരണത്തിനും ഇടയായത്. പെട്ടെന്നൊരു ദിവസം അതെല്ലാം വലിച്ചെറിഞ്ഞു സ്വന്ത വഴികൾ തെരെഞ്ഞെടുക്കുന്നത് ഭോഷത്വവും നവീകരണ കർത്താക്കളോടു കാണിക്കുന്ന വഞ്ചനയും, ആത്മീക ജീവിതത്തെ അന്ധകാരത്തിലേക്ക് നയിക്കുന്നതുമാണ്. വിശ്വാസവും, വിശ്വസ്തതയുമുള്ള സമൂഹമായി ലൂഥറൻ സഭ വിടർന്നു ശോഭിക്കട്ടെ.

ഇത്രയും എഴുതിയത് മറ്റുള്ളവരോടുള്ള സ്പർദ്ദ കൊണ്ടല്ല. വിശ്വാസ സമൂഹം, വിശ്വാസത്യാഗികളായി ദൈവരാജ്യ പ്രവേശനത്തിൽ നിന്ന് പുറം തള്ളപ്പെടുന്നു എന്നതുകൊണ്ടാണ്. കൂടാതെ ഇതെല്ലാം കാണുകയും, കേൾക്കുകയും ചെയ്യുമ്പോൾ എന്റെ ഉറക്കമില്ലാത്ത രാത്രികളുടെ ദൈർഘ്യം വർദ്ധിച്ചു കൊണ്ടിരിക്കുന്നു. എനിക്കു മാത്രമല്ല, ലൂഥറൻ ഉപദേശം പഠിക്കുകയും ആചാരങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്ന എല്ലാവർക്കും തന്നെ.

ഒരു ലൂഥറൻ ക്രിസ്ത്യാനിയായി ജീവിക്കാൻ ഏറെ ശ്രദ്ധയും ശ്രമവും ആവശ്യമുണ്ട് അതിനെക്കാൾ ശ്രദ്ധയും ശ്രമവും ആവശ്യമുണ്ട്, ഒരു ലൂഥറൻ ശുശ്രൂഷകനായിരിക്കാൻ.

*എവരുടേയും നന്മക്കായി*
*പ്രാർത്ഥിച്ചുകൊണ്ട്*
*സ്നേഹപൂർവ്വം*

**Rev. C.Nesamony**
President, LCSV ✱

# സെക്രട്ടറി എഴുതുന്നു

കർത്താവിൽ പ്രിയരെ,

LCSV - യുടെ 8-ാമത് വാർഷിക പൊതുയോഗം 27.04.2025 ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം 3 മണിയ്ക്ക് LCSV - യുടെ കേന്ദ്ര കമ്മിറ്റി ഓഫീസായ ഊരമ്പിലെ ദിയ ടവറിൽ വച്ച് നടക്കുകയുണ്ടായി. LCSV പ്രസിഡന്റ് റവ. സി. നേശമണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, IELC പൊൻവിള സർക്കിൾ പ്രസിഡന്റ് റവ. എം. സുനിൽ പ്രാരംഭ ധ്യാനം നടത്തി. LCSV സെക്രട്ടറി ശ്രീ. എൻ. ജസ്റ്റിൻ രാജ് സ്വാഗത പ്രസംഗവും പ്രസിഡന്റ് റവ. സി. നേശമണി അദ്ധ്യക്ഷ പ്രസംഗവും നടത്തി. ഈ അടുത്ത കാലത്ത് നമ്മെ വിട്ടു പിരിഞ്ഞവരെ പ്രസിഡന്റ് അനുസ്മരിച്ച് സംസാരിക്കുകയും ചെയ്തു.

സെക്രട്ടറി അവതരിപ്പിച്ച വാർഷിക റിപ്പോർട്ടും ട്രഷറർ അവതരിപ്പിച്ച 4,66,110 രൂപ വരവും 5,06,982 രൂപ ചെലവും 40,872 രൂപ അധികച്ചെലവുമുള്ള അക്കൗണ്ടും ചർച്ചകൾക്കു ശേഷം പാസ്സാക്കി. 2025-2026 വർഷത്തേക്ക് 6,19,000 രൂപ വരവും 6,19,000 രൂപ ചെവും പ്രതീക്ഷിക്കുന്നു. തുടർന്ന് റവ. ഡോ. രാജേന്ദ്ര ബാബു മുഖ്യ സന്ദേശം നൽകി.

LCSV യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യൂണിറ്റുകളും സോണുകളും സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ധ്യക്ഷൻ വിശദീകരിച്ചു. തുടർന്ന് സോണുകളുടെയും യൂണിറ്റുകളുടെയും പ്രവർത്തന രീതിയും നിയമാവലിയും സെക്രട്ടറി അവതരിപ്പിച്ചു. 2024 നവംബർ ലക്കത്തിലെ ഉൾക്കാഴ്ചയിൽ പ്രസിദ്ധീകരിച്ച 'ജ്ഞാനമുള്ള സ്ത്രീ' മികച്ച ലേഖനമായി തെരഞ്ഞെടുത്ത വിവരം അദ്ധ്യക്ഷൻ അറിയിച്ചു. മൂല്യവത്തായ ആശയം അവതരിപ്പിച്ച അതിന്റെ ലേഖിക ശ്രീമതി. പി. വിമലകുമാരിയെ മെഡലും ക്യാഷ് അവാർഡും നൽകി റവ. ഡോ. രാജേന്ദ്ര ബാബു അനുമോദിച്ചു.

തുടർന്ന് നടന്ന 2025 - 2028 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് ശ്രീ. എൻ. ജസ്റ്റിൻ രാജ് വരണാധികാരിയായിരുന്നു.

പ്രസിഡന്റ് - റവ. സി. നേശമണി, വൈസ് പ്രസിഡന്റ് - റവ. എം. റോബിൻസൺ, സെക്രട്ടറി - ഡോ. ബാബു കെ. നോർബർട്ട്, ജോ. സെക്രട്ടറി - ശ്രീമതി. ശാലിനി .ആർ, ട്രഷറർ - ശ്രീ. ഷിജിൻ .എസ്.എസ്, കോ-ട്രഷറർ - ശ്രീമതി. ഗീത .ബി.എസ്, കമ്മിറ്റി അംഗങ്ങൾ - ശ്രീ. വൈ. ആൽബർട്ട്, ശ്രീ. സി. ജസ്റ്റിൻ ദാസ്, ശ്രീ. ഗോഡ്വിൻ ജോസഫ്, ശ്രീ. എൽ. മോഹൻ ദാസ്, ശ്രീ. ജെ. ജോൺ സെൽവകുമാർ എന്നിവരെ ഏകകണ്ഠമായി തെരഞ്ഞെടുത്തു. മുൻഭാരവാഹികൾ പുതിയ ഭരണവാഹികൾക്ക് അധികാര കൈമാറ്റം നടത്തി. പ്രാർത്ഥനയ്ക്കും ആശീർവാദത്തിനും ശേഷം 5.30-ന് യോഗ നടപടികൾ അവസാനിച്ചു.

സസ്നേഹം,

**Dr.Babu K Nobert**
Secretary, LCSV

*

## അറിയിപ്പ്

ലൂഥറൻ ക്രൈസ്തവ സാംസ്കാരിക വേദിയുമായി സഹകരിച്ചു പ്രവർത്തിക്കാൻ താൽപര്യമുള്ളവരുടെ ആവശ്യപ്രകാരം വാർഷിക അംഗത്വ ഫീസ് പുതുക്കി നിശ്ചയിച്ചിരിക്കുന്നു ആജീവനാന്ത അംഗത്വ (ലൈഫ് മെമ്പർഷിപ്പ്) ഫീസ് 1000/- (ആയിരം) രൂപ നിലനിർത്തികൊണ്ട്, വാർഷിക അംഗത്വ (ഓർഡിനറി മെമ്പർഷിപ്പ്) ഫീസ് 100/- (നൂറ്) രൂപയും മാസവരി സംഖ്യ 25/- (ഇരുപത്തിയഞ്ച്) രൂപയായും പുഃനക്രമീകരിച്ചിരിക്കുന്നു. താൽപര്യമുള്ളവർ ഈ അവസരം പ്രയോജനപ്പെടുത്തുക. 11-05-25 ഞായറാഴ്ച എൽ.സി.എസ്.വി ഹെഡ് ഓഫീസിൽ വച്ച് കൂടിയ എക്സിക്യൂട്ടീവ് കമ്മറ്റിയാണ് ഈ തീരുമാനം കൈക്കൊണ്ടത്.

# നോമ്പിന്റെ നോവും നന്മയും



**Rev. Dr. D.Christudas**
Former Principal
Concordia Theological Seminary,
Nagercoil

യിരെമ്യാവ് 6:16. കർത്താവ് അരുളിച്ചെയ്യുന്നു : വഴിക്കവലകളിൽ നിന്നു ശ്രദ്ധിച്ചു നോക്കുക. പഴയ പാതകൾ അന്വേഷിക്കുക. നേരായ മാർഗ്ഗം തേടി അതിൽ സഞ്ചരിക്കുക. അപ്പോൾ നിങ്ങൾ വിശ്രാന്തി അടയും.

**മുഖവുര :**

പഴയതെന്തും പഴഞ്ചനാണ്. പുതിയ കാലത്തിനു വേണ്ടത് പുതു വഴികളാണ്. ഉത്തരാധുനിക കാല ചിന്തയാണിത്. എന്നാൽ മൂല്യങ്ങൾക്ക് പഴക്കം പ്രശ്നമല്ല. പഴകുംതോറും മൂല്യങ്ങൾക്ക് വീര്യം കൂടും. വഴിക്കവലകളിൽ എത്തി നില്ക്കുന്ന സമൂഹം പഴയതും നേരായതും ആയ പാതകൾ നേടി വിശ്രാന്തി അടയണമെന്നതാണ് ഉപദേശം. ക്രൈസ്തവ വിശ്വാസ സമൂഹം നെഞ്ചിലേറ്റിയ അനേകം വിശ്വാസ പൈതൃകങ്ങളുണ്ട്. അത്തരം അമൂല്യ ക്രൈസ്തവ നിക്ഷേപങ്ങളിലൊന്നാണ് നോമ്പാചരണം. നോമ്പിന്റെ അർത്ഥവും പ്രസക്തിയും കണ്ടെത്താനുള്ള ഒരു ശ്രമമാണ് ഈ ലേഖനം.

**നോമ്പ് : പദവ്യാപ്തി**

നോമ്പ്, നോൻപ്, നൊയമ്പ് തുടങ്ങിയ പദപ്രയോഗങ്ങൾ നമുക്കു പരിചിതമാണ്. 'നോവുക' എന്ന ദ്രാവിഡ ക്രിയയിൽ നിന്നുത്ഭവിച്ചതും 'നൊമ്പരം' എന്ന ക്രിയയോട് ബന്ധപ്പെട്ടതുമാണ് നോമ്പ്. ഉപവാസം എന്നതിന്റെ പര്യായപദമാണിത്. ഫായെസ്റ്റ് (Faest) എന്ന പുരാതന ആംഗ്ലോസാക്സൻ പദത്തിന്റെ രൂപഭേദകം ആണ് ഈ വാക്ക്. ഉറപ്പ്, വേഗതയേറിയത് എന്നീ അർത്ഥങ്ങളിലൂടെ ഇതു മനസ്സിലാക്കാം. ഉപവാസം വഴി ലഭ്യമാകുന്ന ആന്തരിക ഉറപ്പും ആത്മീക യാത്രയിലെ വേഗതയും ആകാം ഇവിടത്തെ ധ്വനി. ഉപവാസത്തെ ലെന്റ് എന്ന പദവുമായി ചേർത്ത് നാം മനസ്സിലാക്കുന്നു. ലെന്റ് എന്നതിന് വസന്തം എന്നാണർത്ഥം. സാധാരണ ലെന്റ് കാലഘട്ടം ഉത്തരധ്രുവത്തിലെ ഏറ്റവും ദൈർഘ്യമേറിയ കാലവും വസന്തകാലവും ആണ്. ലത്തീൻ ഭാഷയിൽ ലെന്ത് എന്ന പദത്തിന് നാല്പത് എന്ന അക്കത്തോട് ബന്ധപ്പെടുത്തിയുള്ള വ്യാഖ്യാനവുമുണ്ട് ജർമ്മൻ ഭാഷയിലെ ലെന്റിൻ (Lentin) എന്ന പദത്തിന് ശാകഭക്ഷണം, പച്ചക്കറികൾ എന്ന അർത്ഥവുമുണ്ട്. ഈ കാലങ്ങളിലെ ലളിതവും അടിസ്ഥാനവുമായ ഭക്ഷണത്തെയാകാം ഇത് സൂചിപ്പിക്കുന്നത്. ഉപവാസം (fasting) എന്നാൽ നിരാഹാരം അല്ല. ഉപവസതി എന്ന സംസ്കൃത നാമരൂപത്തിലാണ് ഈ പദത്തിന്റെ ഉല്പത്തി. സവിനയം അടുത്തിരിക്കുക എന്നു മനസ്സിലാക്കാം. ദൈവസന്നിധിയിലെ ഭക്തിനിർഭരമായ ധ്യാന നിലയെ ഇതു അർത്ഥമാക്കുന്നു. ഭക്തി നിർഭരമായ ദൈവസാന്നിദ്ധ്യ അനുഭവത്തിന് അമിത ഭക്ഷണവും ജഡാഭിലാഷവും നിയന്ത്രിച്ചു ചിട്ടപ്പെടുത്തേണ്ടതുണ്ടല്ലോ. തപസ്സ് എന്ന പദവും ഇവിടെ കൂട്ടി വായിക്കണം. താപം എന്നാൽ ചൂട്, മനസ്താപം, അനുതാപം, താപചര്യ എന്നീ അനുഭവങ്ങൾ നോമ്പിന്റെ അഭിവാജ്യ ഘടകങ്ങളായി നമുക്കറിയാം. നോമ്പ്, ഉപവാസം, തപസ്സ് ഈ പദങ്ങളുടെ അർത്ഥത്തിലും പ്രയോഗത്തിലും ഉള്ള സാധർമ്മ്യം കണ്ടെത്താനാണ് നാം ശ്രമിച്ചത്.

**നോമ്പ്/ഉപവാസം : പഴയ നിയമ കാലത്ത് :**

എല്ലാ മതങ്ങളിലും അതിന്റെ പൗരോഹിത്യ - ആചാര മേഖലകളിൽ നോമ്പ് - അല്ലെങ്കിൽ അതിന് തത്തുല്യമായ ആചാരാനുഷ്ഠാനങ്ങളുണ്ട്. ഉപവാസവും വിരുന്നും (fast and feast) യഹൂദ മതാചാരങ്ങളുടെ ഭാഗമായിരുന്നു. ദേശീയ വിപത്തുകളിൽ കൂട്ട ഉപവാസം പ്രഖ്യാപിക്കപ്പെട്ടിരുന്നു. അനുതാപവും ആത്മ പരിശോധനയും വഴി പുതു സമർപ്പണവും ഉടമ്പടി പുതുക്കലുമായിരുന്നു ലക്ഷ്യം. പഴയ നിയമത്തിലെ ഉപവാസത്തെക്കുറിച്ചുള്ള ആദ്യ പരാമർശം ന്യായാധിപന്മാർ 20:26 -ൽ കാണുന്നു. നെഹമ്യാവ് 9-ാം അദ്ധ്യായത്തിൽ യിസ്രായേലിലെങ്ങും ഒരു കൂട്ട ഉപവാസം പ്രഖ്യാപിച്ചത് രേഖപ്പെടുത്തിയിരിക്കുന്നു. കഠിനമായ ദു:ഖാചരണത്തോട് ബന്ധപ്പെട്ടും (1ശമു. 31:13), ദൈവകോപം നീങ്ങിക്കിട്ടേണ്ടതിനും (2ശമുവേൽ 12:16,17) ഉപവാസ പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. നിനവേക്കാർ പാപ വഴികൾ വിട്ടു കളഞ്ഞതിന്റെ അടയാളമായി കൂട്ട ഉപവാസം നടത്തി. (യോഹ. 3:7) എസ്ഥരും കൂട്ടരും, കൂടാതെ കപടഭക്തിയുടേയും ദുർമാർഗ്ഗത്തിന്റേയും പ്രതീകമായ ഇസബെല്ലയും ഉപവസിച്ചിരുന്നു. ഉദാഹരണങ്ങൾ ഏറെ. യഹൂദ കലണ്ടറിൽ പാപപരിഹാര തിരുനാൾ (യോംകിപ്പൂർ) ഉപവാസം പ്രമാണമായിരുന്നു. യെരുശലേം പിടിക്കപ്പെട്ടതിന്റെ ഓർമ്മനാൾ (4-ാം മാസം 29-ാം തിയതി) ദൈവാലയം തീയ്ക്കിരയായതിന്റെ ഓർമ്മനാൾ (5-ാം മാസം 9-ാം തിയതി), യെരുശലേം ശത്രുക്കൾ വളഞ്ഞതിന്റെ ഓർമ്മദിനം (10-ാം മാസം), ഗദല്യാവിന്റെ വധത്തിന്റെ ഓർമ്മദിനം (7-ാം മാസം 19-ാം തിയതി) തുടങ്ങിയവ യഹൂദ കലണ്ടറിലെ

പ്രഖ്യാപിത ഉപവാസ ദിനങ്ങളാണ്. പാപപരിഹാര തിരുനാൾ ഉപവാസം കൂടാതെ ഒരാണ്ടിൽ 22 ദിന ഉപവാസം യഹൂദർ ആചരിച്ചിരുന്നു. പുതിയ നിയമകാലത്തിലെ പരീശന്മാർ ആഴ്ചയിലെ 2 ദിവസം (തിങ്കൾ, വ്യാഴം) ഉപവസിച്ചിരുന്നു. ബാഹ്യപ്രകടനങ്ങളിൽ മുഴുകിപ്പോയ ഉപവാസ ആചരണത്തെ തിരുത്തുകയും ജീവിതത്തിൽ പുലർത്തേണ്ട വിശുദ്ധിയും സഹജീവി ധർമ്മവും ഓർമ്മപ്പെടുത്തുകയും ചെയ്തു. പ്രവാചകന്മാർ (യെശയ്യാവ് 58:3) ആചാര വർജ്ജനം, വിനയത്തോടെ പാപം ഏറ്റു പറയൽ, ചാക്കു ധരിച്ച്, രട്ടിലും ചാമ്പലിലും ഇരിക്കൽ, തങ്ങൾക്കും മറ്റുളളവർക്കുമായി പ്രാർത്ഥിയ്ക്കൽ, സാധുക്കൾക്കും അഗതികൾക്കും ദാനധർമ്മങ്ങൾ ചെയ്യൽ തുടങ്ങിയവയായിരുന്നു പഴയ നിയമ ഉപവാസ മാനദണ്ഡങ്ങൾ.

**ക്രൈസ്തവ സഭയും നോമ്പും**

ക്രൈസ്തവ ഉപവാസത്തിന്റെ പൈതൃകം യേശുക്രിസ്തുവിൽ ആരംഭിക്കുന്നു. തന്റെ പരസ്യ ശുശ്രൂഷയ്ക്ക് ആരംഭം കുറിക്കും മുമ്പേ നാല്പതു നാളുകളിൽ യേശുക്രിസ്തു ഉപവസിച്ചത് വളരെ പ്രാധാന്യത്തോടെ സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നു. കപട ഉപവാസത്തെ യേശു വിമർശിക്കുകയും ശരിയായ ഉപവാസം എങ്ങനെയായിരിക്കണം എന്ന് ഉപദേശിക്കുകയും ചെയ്തു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും അപ്പോസ്തലിക കാല സഭയും ഉപവാസ പാരമ്പര്യം തുടർന്നു. (പ്രവൃത്തി 13:12; 14:23) മൂപ്പന്മാരെ നിയോഗിക്കുന്നതിന് മുമ്പും സുവിശേഷകരെ അയയ്ക്കുന്നതിന് മുൻപും സഭയായി ഉപവസിച്ചു. തന്റെ ജീവിതത്തിൽ നോമ്പിനു സുപ്രധാന സ്ഥാനം നൽകിയ വ്യക്തിയായിരുന്നു പൗലൊസ് അപ്പോസ്തലൻ.

ആദ്യ മൂന്നു നൂറ്റാണ്ടുകളിൽ മൂന്നുവിധം ഉപവാസങ്ങൾ ക്രിസ്ത്യാനികൾ ആചരിച്ചിരുന്നു. ആഴ്ച തോറുമുള്ള രണ്ടുദിന ഉപവാസങ്ങളായിരുന്നു അതിൽ ഒന്നാമത്തേത്. യഹൂദരുടെ തിങ്കൾ, വ്യാഴം ഉപവാസത്തിനു പകരം ക്രിസ്ത്യാനികൾ ബുധൻ, വെള്ളി ദിവസങ്ങൾ ഉപവസിച്ചിരുന്നു. ഏ.ഡി. 100-ൽ തന്നെ ഇതു നിലവിലിരുന്നു. പ്രാചീന കൃതിയായ ഡിഡാക്കേയിൽ (7:4) ഇതിന്റെ വിവരണങ്ങൾ ഉണ്ട്.

തിരുസ്നാനത്തിനു മുമ്പ് കാർമ്മികനും സ്നാനാർത്ഥിയും ഉപവസിക്കണം എന്ന പ്രമാണമായിരുന്നു മറ്റൊന്ന്. യേശുക്രിസ്തുവിന്റെ ക്രൂശു മരണവുമായി ബന്ധപ്പെട്ട ഉപവാസമായിരുന്നു മൂന്നാമത്തേത്.

സഭാപിതാക്കളുടെ എഴുത്തുകളിൽ ഇതിന്റെ രേഖകൾ കാണാം. തെർതുല്യൻ യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തിനും ഉയിർപ്പിനും ഇടയ്ക്കുള്ള രണ്ടു ദിനങ്ങൾ (മണവാളൻ വേർപിരിഞ്ഞ ദിനങ്ങൾ) ഉയിർപ്പു പെരുനാളിന്റെ ഒരുക്കമായി മണവാട്ടി സഭ ഉപവസിക്കണമെന്നും ഈ നോമ്പ് ശിഷ്യന്മാർ തന്നെ ഏർപ്പെടുത്തിയതാണ് എന്നും രേഖപ്പെടുത്തുന്നു. ഹിപ്പലോറ്റസ് തന്റെ അപ്പോസ്തല പാരമ്പര്യം എന്ന ഗ്രന്ഥത്തിൽ 'യഥാർത്ഥ മണവാളൻ തോഴാഴ്മക്കാരിൽ നിന്നും വേർപെട്ട 40 മണിക്കൂർ കല്ലറയിൽ വസിച്ചപ്പോൾ, കർത്തൃ ദിവസത്തിന്റെ പൂർത്തീകരണത്തിന് ശിഷ്യന്മാർ 40 മണിക്കൂർ ഉപവസിച്ചു' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അലക്സാന്ത്രിയയിലെ ദിവന്യാസ് (247) 'ഉയിർപ്പിനു മുൻപുള്ള 6 ദിനങ്ങൾ (വിശുദ്ധവാരം) ഉപവാസ ദിനങ്ങളാണ്' എന്ന് പറഞ്ഞിരിക്കുന്നു. 2 ദിന ഉപവാസം ഒരാഴ്ചത്തേയ്ക്കു ദീർഘിപ്പിച്ചതാണ് ഇവിടെ കാണുക. എന്നാൽ എല്ലായിടത്തും ഈ പതിവ് ഇല്ല എന്നും വെള്ളി, ശനി ദിവസങ്ങളിൽ ഉപവസിക്ക എന്നതു എല്ലായിടത്തുമുള്ള പൊതു രീതിയാണെന്നും കൂടെ കുറിക്കുന്നു. വിശുദ്ധ അഥനേഷ്യസ് (329) പരിശുദ്ധ നോമ്പ് ഒരാഴ്ചത്തേക്കു നീണ്ടു നിൽക്കുന്നു എന്നു പറയുന്നു. ഡിഡാക്കേ എന്ന പുരാതന ഗ്രന്ഥത്തിൽ നോമ്പാചരണ രീതി, ദിവസം എന്നിവയുടെ വിശദീകരണങ്ങൾ നല്കുന്നു. ക്രിസ്തീയ നോമ്പിന്റെ ആചരണ വിധികൾ വേദപുസ്തകത്തിലില്ല. എങ്കിലും ക്രിസ്തീയ നോമ്പു വേദപുസ്തക വിരുദ്ധമല്ല. ചരിത്രത്തിന്റെ വിവിധ ദശകങ്ങളിൽ വികസിതമായ ഒരാചാരമാണ് ക്രിസ്തീയ സഭയിലെ ഉപവാസ ആചരണം.

**40 നാൾ വലിയ നോമ്പ്**

40 നാൾ എന്ന സംഖ്യ വേദപുസ്തകത്തിൽ വളരെ പ്രാധാന്യമുള്ളതാണ്. നോഹയുടെ കാലത്ത് 40 നാൾ മഴ പെയ്തു (ഉല്പ.7:17). മോശ 40 നാൾ സീനായ് പർവ്വതത്തിൽ ദൈവസന്നിധിയിൽ ചെലവിട്ടു (പുറ.24:18) യഹോവയ്ക്കു നീരസം ഉണ്ടാകയാൽ 40 വർഷം അബ്രഹാമിന്റെ സന്തതികൾ മരുഭൂമിയിൽ അലഞ്ഞു. യോന നിനവെയ്ക്ക് മാനസാന്തരത്തിനു നല്കിയതു 40 നാളുകൾ. ദൂതൻ നല്കിയ ഭക്ഷണം കഴിച്ചു ഏലിയാവ് 40 നാൾ നടന്നു (1 രാജാ.19:8) പഴയ നിയമത്തിൽ 40 എന്നതു പരീക്ഷണത്തിന്റേയും ഒരുക്കത്തിന്റേയും സംഖ്യയാണ്. യേശു 40 ദിവസം ഉപവസിച്ചതും ഉയിർപ്പിന്റെ 40-ാം നാൾ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതും ഇവിടെ ഓർക്കുക.

**40 മണിക്കൂറിൽ നിന്നും 40 നാൾ ഉപവാസത്തിലേക്ക്**

325-ൽ കൂടിയ നിഖ്യാ കൗൺസിലിന്റെ 5-ാമത്തെ കാനോനിലാണ് 40 നാൾ ഉപവാസത്തിന്റെ ആദ്യ ഔദ്യോഗിക പരാമർശം കാണുന്നത്. വിശുദ്ധ അത്തനാസിയോസിന്റെ പെരുനാൾ ലേഖനങ്ങളിലും 40 ദിന ഉപവാസ സൂചനകളുണ്ട്. 360-ലെ ലവദോക്യ കൗൺസിൽ എല്ലാ വിശ്വാസികളും 40 ദിവസം ഉപവസിക്കണമെന്ന് കല്പിച്ചു. 6 ദിവസ നോമ്പ് 6 ആഴ്ച നോമ്പായും 40 മണിക്കൂർ ഉപവാസം 40 ദിന ഉപവാസമായും പൊതു സഭയ്ക്കു ബാധകമാക്കി. യേശുവിന്റെ ജീവിതത്തിലെ 40 ദിനപ്രാധാന്യവും പഴയനിയമത്തിലെ

40 എന്ന അക്കത്തിന്റെ മുഖ്യത്വവും 40 ദിന നോമ്പിന് ഔദ്യോഗിക അംഗീകാരം നൽകുന്നതിനു പ്രേരക ഘടകങ്ങളായി. 4, 5 നൂറ്റാണ്ടുകളിൽ പുതിയ ഉപവാസ നിയമങ്ങൾ കൂട്ടിച്ചേർത്ത് കർക്കശമാക്കി. ഈ നാളുകളിൽ മിതമായ സന്ധ്യഭക്ഷണം മാത്രമേ കഴിക്കാവൂ. മത്സ്യം, മാംസം, മുട്ട, പാൽ ഇവ വിലക്കി. എന്നാൽ 9-ാം നൂറ്റാണ്ടു മുതൽ റോമൻ ആധിപത്യത്തിൻ കീഴിലുള്ള സഭകളിൽ ഉപവാസ നിയമങ്ങളിൽ അയവു വരുത്തി. 1964-ലെ രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം നോമ്പിലെ വെള്ളിയാഴ്ച ഒഴിവുള്ള ദിവസങ്ങളിൽ മാംസ ആഹാരം കഴിയ്ക്കാം. 18 വയസ്സിനു താഴെയും 60 വയസ്സിനു മുകളിലും പ്രായമുള്ളവർക്ക് ഇളവുകൾ അനുവദിച്ചു. രോഗികൾ, ഗർഭിണികൾ എന്നിവരും കഠിന നോമ്പു നോക്കേണ്ടതില്ല. എന്നാൽ നോമ്പാചരണ കാര്യങ്ങളിൽ പൗരസ്ത്യ സഭകൾ വിട്ടുവീഴ്ച ചെയ്യാറില്ല.

**40 ദിവസം കണക്കാക്കുന്ന രീതി**

പൗരസ്ത്യ പാരമ്പര്യമുള്ള സഭകളിൽ മറുരൂപ ഞായർ മുതൽ ഈസ്റ്റർ വരെയുള്ള തുടർച്ചയായ 50 ദിവസമാണ് വലിയ നോമ്പ്. ഏഴ് ആഴ്ച നോമ്പ്. എന്നാൽ പാശ്ചാത്യ പാരമ്പര്യമുള്ള സഭകളിൽ ഞായറാഴ്ച; അത് ഉയർത്തെഴുന്നേല്പ് ഉത്സവ ദിനമാകയാൽ - നോമ്പു ദിവസങ്ങളുടെ കൂട്ടത്തിൽ ചേർക്കുന്നില്ല. ചാമ്പൽ മുതൽ ഞായർ ഒഴിച്ചുള്ള 40 ദിവസമാണ് നോമ്പുകാലം. 800 - നടുത്ത് ചാർളിമെയ്ൻ ചക്രവർത്തിയാണ് 40 ദിന നോമ്പു കല്പനയിറക്കിയത്. ഉയർത്തെഴുന്നേല്പിന്റെ മുമ്പുള്ള 46-ാം ദിവസമാണ് നോമ്പു ആരംഭിക്കുക. ചാമ്പൽ ബുധൻ കണക്കാക്കുന്നതെങ്ങനെ എന്നു നോക്കാം. മാർച്ച് 21 കഴിഞ്ഞു വരുന്ന പൂർണ്ണ ചന്ദ്ര (അമാവാസി) ദിനം. അതു കഴിഞ്ഞു വരുന്ന അടുത്ത ഞായറാഴ്ചയാണ് ഈസ്റ്റർ. ആ ഞായറിൽ നിന്നും പുറകോട്ട് ഞായറാഴ്ചകൾ ഒഴിച്ചു 40 ദിവസം കണക്കാക്കിയാൽ ഒരു ബുധനാഴ്ചയിൽ ചെന്നു നില്ക്കും. അന്ന് ചാമ്പൽ ബുധൻ. ചാമ്പൽ ബുധനാഴ്ച നോമ്പിന്റെ ആരംഭ ദിനം. അനുതാപത്തിന്റെ അടയാളമായി നെറ്റിയിൽ അന്ന് ചാരം പൂശുകയും കുരിശു വരയ്ക്കുകയും ചെയ്യുന്ന പതിവുണ്ട്. മനുഷ്യാ നീ ചാരവും പൊടിയുമാണ്. അതിൽ തിരികെ പോകേണ്ടവൻ ആണ് എന്ന് അത് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**നോമ്പ് : ഒരു നോവ്, ഒരു നന്മ**

നോമ്പ് ലക്ഷ്യം വയ്ക്കുന്നത് ജീവിത പരിവർത്തനമാണ്. ഉയർത്തെഴുന്നേല്പാണ് നോമ്പിനു അർത്ഥം പകരുന്നത്. ഹൃദയത്തിൽ ജീർണ്ണിക്കാത്ത ഒരു അൾത്താര പണിയാനാണ് നോമ്പിന്റെ വിളി. ദൈവീക വിശുദ്ധിയും തീരാ കാരുണ്യവും ഹൃദയ അൾത്താരയിൽ ജ്വലിച്ചു നില്ക്കണം. വചന പഠനം, ധ്യാനം, പ്രാർത്ഥന എന്നിവ വഴി ഏകാഗ്രത, പാപബോധം ഇവ ലഭിക്കുന്നു. പാപത്തെക്കുറിച്ചുള്ള ദു:ഖം മാത്രമല്ല പാപ വഴികളെ വിട്ടുകളയാനുള്ള സ്വയ ശിക്ഷണവും അത് ആവശ്യപ്പെടുന്നു. നോമ്പിന്റെ നോമ്പനുഭവം ആത്മീക വളർച്ചയിലേക്കുള്ള വഴി തുറക്കുന്നു. സ്വയ വർജ്ജനത്തിന്റെയും ത്യാഗത്തിനുന്റെയും പാത ഇഷ്ടമായതിനെ കാഴ്ച വയ്ക്കാനും സഹനത്തിന്റെ പാത തിരഞ്ഞെടുക്കാനും വെല്ലുവിളിക്കുന്നു. നോമ്പു ക്ഷണിക്കുന്നത് ഒരു മടങ്ങി വരവിലേക്കാണ്. ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടി ക്രൂശിക്കുന്ന ഉപവാസം. ധ്യാനവും പ്രാർത്ഥനയും വഴിയുള്ള ആത്മീക പ്രബുദ്ധത എളിയവരെ ആദരിക്കലും ദാനധർമ്മങ്ങൾ നല്കുക എന്നിങ്ങനെ ഒരു ത്രിമാന ദർശനമാണ് നോമ്പ് ആവശ്യപ്പെടുന്നത്. നോമ്പും ഉപവാസവും നമ്മുടെ ഒരു പുണ്യ പ്രവൃത്തിയോ സൽകർമ്മമോ അല്ല. ദൈവീക നന്മ നമുക്കു ദൈവം നല്കാനായുള്ള നമ്മുടെ ഭാഗത്തു നിന്നുള്ള സഹകരണവും അല്ല. നോമ്പു നീതീകരണത്തിലേക്കുള്ള വഴിയല്ല, നീതീകരണ ഫലമാണ്. വിശുദ്ധീകരണ പാതയാണ്. ദൈവീക പക്ഷത്തേയ്ക്ക് മാറി നിന്നു കൊണ്ട് നമ്മെ തന്നെ നാം കാണാൻ ശ്രമിക്കുന്നു. സഹജീവികളുടെ ഭാഗത്തേയ്ക്ക് മാറി നിന്നു കൊണ്ട് നാം നമ്മെ തന്നെ കാണാൻ ശ്രമിക്കുന്നു. നോമ്പു നമുക്കു സമ്മാനിക്കുന്നത് നേർക്കാഴ്ചയാണ്. പുത്തൻ ഉയിർപ്പനുഭവമാണ്.

**ഉപസംഹാരം**

ക്രൈസ്തവ നോമ്പിന്റെ അർത്ഥവും ലക്ഷ്യവും നോക്കിക്കാണാൻ ശ്രമിക്കുകയായിരുന്നു നാം. നോമ്പു സഭയുടേയും ക്രിസ്ത്യാനികളുടേയും ശുദ്ധീകരണ കാലമാണ്. ക്രിസ്തീയ ജീവിതത്തിൽ ആത്മീയ ശക്തിയും നന്മയും പകരുന്ന ശിക്ഷണം. ദൈവം നമുക്കു നല്കുന്ന എല്ലാ നന്മകൾക്കും അവസരങ്ങൾക്കും നാം കണക്കു കൊടുക്കണം. നമ്മുടെ പിതാക്കന്മാർ ഇട്ടിരിക്കുന്ന പണ്ടത്തെ അതിർ നാമായിട്ടു മാറ്റിക്കൂടാ (സദൃശ്യ. 22:28). നാമിന്നൊരു വഴിക്കവലയിലാണ്. പഴയ പാതകളെ, നേരായ പാതകളെ അന്വേഷിച്ച് അതിൽക്കൂടി നടക്കുമ്പോഴാണ് നാം ശരിയായ വിശ്രാന്തിയടയുക (യിരെ.6:16). അന്ന് ദൈവജനം ഞങ്ങൾക്ക് ഈ മാർഗ്ഗം വേണ്ട എന്ന് അവർ പറഞ്ഞു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം ദൈവം നമുക്കു തരുന്നു. തിരഞ്ഞെടുപ്പു നമ്മുടേതാണ്. ദൈവപ്രസാദകരമായ തീരുമാനവും തിരഞ്ഞെടുപ്പുമാണ് നന്മയും ശാശ്വത സമാധാനവും കൊണ്ടു വരുന്നത്. നമ്മുടെ കേൾവി ദൈവത്തിന്റെ വിശുദ്ധ വിധികൾ സ്വീകരിക്കുന്നതിന് വെടിപ്പാകട്ടെ. നമ്മുടെ ചെവികൾ ദൈവാത്മാവിനെ ആസ്വദിയ്ക്കാൻ പക്വപ്പെടട്ടെ. നമ്മുടെ നാവുകൾ തിരുവചന മാധുര്യത്തിൽ ആനന്ദിക്കട്ടെ. നമ്മുടെ സ്പർശനം പുണ്യ പ്രവൃത്തികളാൽ ശുഭപ്പെടാൻ പ്രാപ്തമാകട്ടെ. അങ്ങനെ വച്ചുകെട്ടലുകളില്ലാത്ത ഉള്ളുള്ള ഒരാത്മീകത നമുക്കു ലഭ്യമാകട്ടെ.

✱

# യേശുവിന്റെ ക്രൂശു മരണവും പുനരുത്ഥാനവും

Rev. S.Resalayyan
Mob: 9745037353

യേശുവിന്റെ ക്രൂശു മരണത്തെപ്പറ്റി എല്ലാ സഭകളും ആഴത്തിൽ ചിന്തിക്കുന്ന ദിവസമാണല്ലോ ദു:ഖ വെള്ളിയാഴ്ച. നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ യേശു ക്രൂശിൽ നിവർത്തിച്ചു. യേശു ക്രൂശിക്കപ്പെടാതിരുന്നെങ്കിൽ നമുക്ക് പാപമോചനം ഉണ്ടാകുമായിരുന്നില്ല. എന്റെ പാപങ്ങൾ യേശുവിനെ ക്രൂശിലേറ്റി എന്ന് ഓരോരുത്തരും വ്യക്തിപരമായി ഉണർന്ന്, പാപങ്ങളെക്കുറിച്ച് ഓർത്ത് ദു:ഖിക്കുമ്പോൾ ദു:ഖ വെള്ളിയാഴ്ച എന്ന പ്രയോഗത്തിന് അർത്ഥമുണ്ട്. യേശു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ എനിക്ക് പാപമോചനം ഉണ്ട് എന്ന് ഓരോ വ്യക്തിയും ഉണരുമ്പോൾ ദു:ഖ വെള്ളിയാഴ്ചക്ക് നല്ല വെള്ളിയാഴ്ച (Good Friday) എന്ന ഇംഗ്ലീഷ് പദത്തിന് അർത്ഥ വ്യാപ്തി കൂടുന്നു.

ദൈവം ഏദനിൽ ഒരു രക്ഷകനെ വാഗ്ദാനം ചെയ്യുമ്പോൾത്തന്നെ (ഉല്പ.3:15) ദൈവത്തിന്റെ മനസ്സിൽ ക്രൂശ് ഉയർന്നിരുന്നു. കാല സമ്പൂർണ്ണതയിൽ ബെത്‌ലഹേമിൽ ജനിച്ച യേശു കാൽവരിയിലെ ക്രൂശിനെ കണ്ടിരുന്നു. അതു മാത്രമായിരുന്നു അവന്റെ സ്വപ്നം. തന്റെ ജീവിതം ക്രൂശിൽ അവസാനിക്കും എന്ന് മുൻകൂട്ടിക്കണ്ട യേശു അതിൽ നിന്ന് രക്ഷപ്പെടുവാൻ ഒരു ഒളിച്ചോട്ടം നടത്തുന്നില്ല. ഗെത്ശമനയിലെ പ്രാർത്ഥനയിലും യേശു അതാണ് പറഞ്ഞത് – “അബ്ബാ, പിതാവേ, നിനക്ക്എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ” (മർക്കൊ.14:36). തന്റെ മരണത്തെക്കുറിച്ച് ശിഷ്യന്മാരോട് യേശു ആവർത്തിച്ചു പറയുന്നത് നാല് സുവിശേഷകന്മാരും വ്യക്തമായി പറയുന്നുണ്ട്. യേശുക്രിസ്തുവിന്റെ ക്രൂശു മരണത്തെക്കുറിച്ച് കാച്ചിക്കുറുക്കി പൗലൊസ് വ്യക്തമായി വരച്ചു കാട്ടുന്ന ഒരു ചിത്രം 2 കൊരി.5:21-ൽ കാണാം. “പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ (യേശു) നമുക്കുവേണ്ടി പാപം ആക്കി”. യാതൊരു കുറ്റവും ചെയ്യാത്ത നീതിമാനായിരുന്നു യേശു എന്നതിന് അവനെ വിചാരണ ചെയ്ത പീലാത്തൊസ് സാക്ഷ്യം വഹിക്കുന്നുണ്ട്. “ആ നീതിമാന്റെ കാര്യത്തിൽ നീ ഇടപെടരുത്” എന്ന പീലാത്തോസിന്റെ ഭാര്യയുടെ പ്രത്യേക ശുപാർശ ഇതെല്ലാം ‘അവനെ ക്രൂശിക്ക’ എന്ന് ആർത്തു വിളിക്കുന്ന ജനത്തിന് എതിരെയുള്ള നീതിയുടെ ശബ്ദമായിരുന്നെങ്കിലും അത് പ്രാവർത്തികമാക്കാൻ അധികാരക്കസേരയിൽകണ്ണു നട്ടിരുന്ന ഭീരുവായ പീലാത്തൊസിന് കഴിഞ്ഞില്ല. മറ്റൊരു പ്രധാന കാര്യം, മനുഷ്യ വർഗ്ഗത്തിനു വേണ്ടി യേശു പ്രായശ്ചിത്ത യാഗമായിത്തീരണം എന്നുള്ള ദൈവനീതി നടക്കണം. അതിനാൽ ക്രിസ്തു മരത്തിൽ തൂങ്ങിക്കൊണ്ട് (മരക്കുരിശിൽ) നമുക്കു വേണ്ടി ശാപമായിത്തീർന്നു (ഗലാ.3:13).

യേശുക്രിസ്തുവിനെ ക്രൂശിച്ചു കൊന്നതോടു കൂടി സകലവും അവസാനിച്ചു എന്ന് കണക്കുകൂട്ടിയ അധികാര വർഗ്ഗത്തെ ഞെട്ടിപ്പിച്ചുകൊണ്ട് യേശുക്രിസ്തു കല്ലറവാതിൽ പൊട്ടിച്ചുകൊണ്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. എന്നാൽ ഈ സത്യം മറച്ചു പിടിക്കാൻ വേണ്ടി വീണ്ടും അവർ കിണഞ്ഞു പരിശ്രമിച്ചു. അതിനു വേണ്ടി തരം താണ ചില പാഴ് ശ്രമങ്ങൾ നടത്തി. മോഷണ സിദ്ധാന്തം, വിഭ്രാന്തി സിദ്ധാന്തം, ബോധക്ഷയ സിദ്ധാന്തം, മുതലായ ചില ദുർവ്യാഖ്യാനങ്ങൾ പടച്ചു വിട്ടുവെങ്കിലും അതൊന്നും വില പ്പോയില്ല.

യേശു മരിച്ചവരുടെ ഇടയിൽ നിന്ന് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. കല്ലറയ്ക്കൽ ഭയപ്പെട്ട് മുഖം കുനിച്ചു നിന്ന സ്ത്രീകളോട് ദൂതന്മാർ ചോദിച്ച ചോദ്യം ഇതായിരുന്നു. ‘നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെയിടയിൽ അന്വേഷിക്കുന്നത് എന്ത്? (ലൂക്കൊ.24:5). ഈ ചോദ്യം ഇന്നത്തെയും എന്നത്തെയും സഭയ്ക്ക് പ്രസക്തമാണ് – സഭയ്ക്ക് ഉയിരും ഉശിരും നല്കുന്നതാണ്. ഈ ചോദ്യത്തിൽ നിന്ന് ആകണം സഭയുടെ വളർച്ച.

ക്രിസ്തുവിന്റെ പുനരുത്ഥാനം ആണ് ക്രിസ്തുവിനെ വ്യത്യസ്തനും ശ്രേഷ്ഠനുമാക്കുന്നത്. ഉയിർത്തെഴുന്നേൽപ് സഭയുടെ ശക്തിയും ക്രിസ്തീയ വിശ്വാസത്തിന്റെ പ്രഭവ കേന്ദ്രവുമാണ്. ക്രിസ്തുവിന്റെ മരണം തിരുവെഴുത്തുകളിൻ പ്രകാരം ആയിരുന്നതു പോലെ പുനരുത്ഥാനവും തിരുവെഴുത്തുകളിൻ പ്രകാരം ആയിരുന്നു. (1 കൊരി.15:3,4) ക്രിസ്തു മരിച്ചിട്ട് പുനരുത്ഥാനം ചെയ്തതു പോലെ നമുക്കും ഒരു പുനരുത്ഥാനം ഉണ്ട് എന്നത് നിശ്ചയമാണ്. മരണശേഷം മനുഷ്യൻ വീണ്ടും ജീവിക്കുമോ? എന്നത് മനുഷ്യന്റെ എക്കാലത്തെയും ചോദ്യമാണ് (ഇയ്യോ.14:14). ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1കൊരി.15:14). ഒന്നുകൂടെ പൗലൊസ് അരക്കിട്ട് ഉറപ്പിക്കുന്നു. ‘നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടു കൂടെ ജീവിക്കും’ (റോമർ 6:8). ഈ വാക്യത്തിൽ നിന്ന് ഒരു കാര്യം വ്യക്തം. നാം ക്രിസ്തുവിനോടു കൂടെ മരിച്ചു, അവനോടു കൂടെ ജീവിക്കും (അവന്റെ രണ്ടാം വരവിങ്കൽ). ക്യാന്റർബറിയിലെ മുൻ ആർച്ചു ബിഷപ്പ് ആയിരുന്ന ഡോ. മിഖായേൽ രാംസേയുടെ വാക്കുകൾ ശ്രദ്ധിക്കാം. ‘തന്റെ മരണം കൊണ്ട് യേശുവിന്റെ ജീവിത ദൗത്യം അവസാനിക്കുന്നില്ല; പ്രത്യുത താൻ മരിച്ചവരുടെയിടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു. പുനരുത്ഥാനത്തെക്കുറിച്ച് പറയാത്ത സുവിശേഷം, അവസാനത്തെ അദ്ധ്യായം ഇല്ലാത്ത സുവിശേഷം എന്നു മാത്രമല്ല; അതൊരു സുവിശേഷമേ ആകുന്നില്ല’.

യേശുവിന്റെ മരണത്തിലും പുനരുത്ഥാനത്തിലും വിശ്വസിക്കുന്ന നമുക്ക് പൗലൊസിനെപ്പോലെ പ്രതിജ്ഞാബദ്ധമായ ഒരു ജീവിതം നയിക്കാൻ ഒരുങ്ങാം. അതായത് ‘ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തു അത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്’. (ഗലാ.2:20).

✱

# കർത്താവിനെ തള്ളിപ്പറയുന്നവർ



**Smt.P.Vimalakumari**
Lutheran Church
Mylakara
Mob: 9446173177

ഈ ലോകത്തിൽ തൻകാര്യ സാദ്ധ്യത്തിനു വേണ്ടിയും, തന്റെ കുറ്റം മറച്ചു വയ്ക്കാനുമൊക്കെയായി മറ്റുള്ളവരെ തള്ളിപറയുന്നവരെ നമുക്കു ചുറ്റും കാണാൻ കഴിയും. അപ്പനെയും അമ്മയെയും സഭയെയും എന്തിന് ദൈവത്തെപ്പോലും തള്ളിപ്പറയുന്നവരാണ് നമ്മിൽ പലരും.

വേദപുസ്തകത്തിൽ ക്രിസ്തുവിനെ തള്ളിപ്പറയുന്ന ഒരു കഥാപാത്രമുണ്ട്. നമുക്കേവർക്കും സുപരിചിതനായ പത്രോസ് എന്ന യേശുവിന്റെ പ്രഥമശിഷ്യൻ. കടൽക്കരയിൽ ഇരുന്നിരുന്ന മീൻപിടിത്തക്കാരനായ പത്രോസിനെ ആണ് യേശു ആദ്യം വിളിച്ചത്. അതുപോലെ തന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒന്നാമനായിരുന്നു പത്രോസ്. തന്റെതെല്ലാം വിട്ട് $3^{1}/_{2}$ വർഷക്കാലം യേശുവിനോടു കൂടെ നടന്നവൻ. യേശുവിന്റെ എല്ലാ പ്രബോധനങ്ങൾക്കും അത്ഭുത പ്രവർത്തികൾക്കും സാക്ഷ്യം വഹിച്ചവൻ. മറുരൂപമലയിലും യേശുവിനോടു കൂടെ ഉണ്ടായിരുന്നവൻ. തന്റെ മരണ വിധത്തെക്കുറിച്ചും പുനരുത്ഥാനത്തെക്കുറിച്ചും വളരെ മുന്നവെ അറിയിച്ചവരിൽ ഒരാൾ. ഇതെല്ലാമായിട്ടും യേശു പിടിക്കപ്പെട്ടപ്പോൾ തനിക്ക് എന്തു സംഭവിക്കും എന്ന സ്വാർത്ഥ ഭയത്താൽ അവൻ തള്ളിപ്പറഞ്ഞു. യേശുവിനോടു കൂടെയുള്ളവൻ എന്നറിഞ്ഞാൽ തനിക്കും ദോഷം വരുമെന്നുള്ള ഭയം ഉണ്ടായിരുന്നു. വളരെ വൈകാരികമായി എല്ലാ കാര്യങ്ങളിലും പ്രതികരിച്ചിരുന്ന ആളാണ് പത്രോസ് എന്ന് നമുക്കറിയാം. എല്ലാ അവസരങ്ങളിലും അവന്റെ പ്രതികരണം വളരെ പെട്ടെന്നുള്ളതായിരുന്നു. യേശുവിനെ പിടിക്കാൻ വന്ന സംഘത്തിലെ ഭടനെ വാളൂരി വെട്ടിയവനാണ് പത്രോസ് (മർക്കോസ് 14:47). അത്രത്തോളം തീഷ്ണത യേശുവിന്റെ മേൽ അവനുണ്ടായിരുന്നു.

ഗദ്ശമന തോട്ടത്തിൽ വച്ച് യേശു പിടിക്കപ്പെട്ടപ്പോൾ ശിഷ്യന്മാരെല്ലാം ഓടി ഒളിക്കുകയാണ് ചെയ്തത്. ഞാൻ ഇടയനെ വെട്ടും ആടുകൾ ചിതറിപ്പോകും (മത്തായി 26:31).

പത്രോസും യോഹന്നാനും ഭീതിയോടെയാണെങ്കിലും അവർ കാണാതെ പുരുഷാരത്തിന്റെ കൂടെ നടന്നു. മഹാപുരോഹിതന്റെ അരമനയിലേക്ക് ജനക്കൂട്ടം പ്രവേശിച്ചപ്പോൾ യോഹന്നാൻ അകത്തു കടന്നു. പക്ഷേ പത്രോസിന് അകത്തു കടക്കാൻ കഴിഞ്ഞില്ല. കോടതി നടപടികൾ ആരംഭിച്ചപ്പോൾ ദൂരെ നിന്ന് അത് ശ്രദ്ധിക്കാൻ പത്രോസ് ശ്രമിച്ചു. അവിടെ ഒരു കൂട്ടം ആളുകൾ തീ കാഞ്ഞു കൊണ്ടിരിക്കുന്നതു പത്രോസ് കാണുന്നു. താൻ ഒറ്റക്കു നിൽക്കുന്നത് അവർ ശ്രദ്ധിക്കുമെന്ന് കരുതി പത്രോസും അവരോടൊപ്പം കൂടുന്നു. തീ കാഞ്ഞു കൊണ്ടിരുന്നവർ യേശുവിനെക്കുറിച്ച് പറഞ്ഞ് പരിഹസിക്കുകയും ചിരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. പത്രോസ് മാത്രം മൗനം പാലിച്ചത് ഒരു പക്ഷേ അവർക്ക് സംശയത്തിന് ഇടയാക്കിയിരിക്കാം. അതിൽ ഒരു ബാല്യക്കാരത്തി നീയും അവനോടു (യേശു) കൂടെ ഉള്ളവനല്ലേ എന്നു ചോദിച്ചു. പേടിച്ചിരിക്കുകയായിരുന്ന പത്രോസിനെ ആ ചോദ്യം നടുക്കി. താൻ തിരിച്ചറിയപ്പെട്ടുവെന്നും തന്നെയും പിടികൂടുമോ എന്നും പത്രോസ് ചിന്തിച്ചിരിക്കണം. എന്തൊക്കെയായാലും പത്രോസ് മറുപടി പറഞ്ഞത്. 'നീ പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല എന്നാണ്. പക്ഷേ പത്രോസ് അസ്വസ്ഥനാകുകയായിരുന്നു. അപ്പോഴാണ് മറ്റൊരുത്തി ഇവനും അവനോടു കൂടെയുള്ളവൻ തന്നെ. അവന്റെ സംസാരവും ആ രീതിയിലാണ് എന്നു പറയുന്നു. പത്രോസിന് പിന്നെ അവിടെ നിൽക്കുവാൻ കഴിയുമായിരുന്നില്ല. എങ്ങനെയെങ്കിലും രക്ഷപ്പെടണമെന്ന് വിചാരിക്കുമ്പോഴാണ് താൻ കാതറുത്തവനോടു കൂടെയുണ്ടായിരുന്ന, അവന്റെ ചാർച്ചക്കാരൻ, വളരെ ഖണ്ഡിതമായി യേശുവിനോടു കൂടെയുള്ളവൻ തന്നെയെന്നു തീർത്തു പറയുന്നത്. പത്രോസ് ഭയത്താൽ സ്വയം മറന്ന് കോപിക്കാനും, പ്രാകുവാനും, യേശുവിനെ അറിയില്ലെന്നു പറയാനും തുടങ്ങി. വളരെ നിന്ദ്യമായ ഒരു പ്രവൃത്തിയായിരുന്നു അത്. അപ്പോൾ കോഴി കൂകി. യേശു പറഞ്ഞിരുന്നത് പത്രോസ് ഓർത്തു. അവന്റെ പാപം അവനെ ഉണർത്തിക്കാൻ ദൈവത്തിന്റെ ഒരു സൃഷ്ടിയെത്തന്നെ ദൈവം ഒരുക്കിയിരുന്നു. ആ സമയത്തു തന്നെ യേശുവിനെ പടയാളികൾ പുറത്തേക്കു കൊണ്ടു വരികയായിരുന്നു. അപ്പോൾ യേശു പത്രോസിനെ ഒന്നു നോക്കി. പത്രോസും ആൾക്കൂട്ടത്തിലൂടെ യേശുവിനെ ഒന്നു കണ്ടു. യേശുവിന്റെ ആ ഒരു നോട്ടം പത്രോസിനെ വീണ്ടെടുക്കുന്നതായിരുന്നു. തന്റെ തെറ്റ് മനസ്സിലാക്കി പത്രോസ് പൊട്ടിക്കരയുന്നു. പ്രയോജനകരമായ പത്രോസിന്റെ പിൽക്കാല ജീവിതത്തിന്റെ തുടക്കം ഇവിടെ ആയിരുന്നു.

എന്തു കൊണ്ടായിരിക്കും പത്രോസിന് ഇങ്ങനെ സംഭവിച്ചത്? യേശു നൽകിയ മുന്നറിയിപ്പുകളൊന്നും അവൻ കാര്യമായിട്ടെടുത്തില്ല. പരീക്ഷകൾ വരും അതു നേരിടാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്ന് പറഞ്ഞത് ചെയ്തില്ല. പ്രയോജനമില്ലാത്ത മറ്റു പലതിനും വേണ്ടി പ്രവർത്തിക്കുകയും

അതിനു വേണ്ടി സമയം കണ്ടെത്തുകയും ചെയ്യുന്ന വർക്ക് ദൈവം നൽകുന്ന മുന്നറിയിപ്പാണ് ഇത്.

യേശുവിനെ മഹാപുരോഹിതന്റെ അരമന യിലേക്ക് കൊണ്ടു പോയപ്പോൾ പത്രോസ് അകലം വിട്ടു നടന്നതായി കാണുന്നു.

ശിഷ്യന്മാർ ചേർന്നുനടക്കേണ്ടവരാണ്. പ്രതി കൂലങ്ങളിലും കർത്താവിനോടു ചേർന്നു നിൽക്കാതെ ഇന്നും വിശ്വാസികൾ സത്യവിശ്വാസത്തെയും യേശു വിനെയും തള്ളിപറയുന്നവരാണ്. എന്നിരുന്നാലും മറ്റു ശിഷ്യന്മാർ ഓടിപ്പോയപ്പോൾ ദൂരെവരെയെങ്കിലും അനുഗമിക്കുവാൻ പത്രോസിനു കഴിഞ്ഞു.

യേശുവിനെ വിസ്തരിക്കുമ്പോൾ ഒരു കൂട്ടം ആളുകളുടെ അടുത്താണ് പത്രോസ് പോയിരി ക്കുന്നത്. സങ്കീർത്തനം 1:1-ൽ പറഞ്ഞിരിക്കുന്നതിനു വിപരീതമായി നിൽക്കരുതാത്ത സ്ഥലങ്ങളിൽ നിൽക്കുകയും ഇരിക്കുകയും ചെയ്തതു കൊണ്ട് പിശാചിന് അവനെ പരീക്ഷിക്കാൻ ഇടം കിട്ടി. പത്രോസ് പറഞ്ഞ വാക്കിനാൽത്തന്നെ പിശാച് അവനെ കുടുക്കി. തള്ളിപറയില്ല എന്നു പറഞ്ഞ പത്രോസിനെക്കൊണ്ട് തള്ളിപ്പറയിക്കുന്നു, ഒന്നല്ല, മൂന്നു പ്രാവശ്യം.

എല്ലാ സുവിശേഷങ്ങളിലും രേഖപ്പെടുത്തിയി ട്ടുള്ളതാണ് പത്രോസിന്റെ തള്ളിപ്പറച്ചിൽ. യേശുവിനെ വിസ്തരിച്ചവരോ പുരോഹിതന്മാരോ ചോദ്യം ചെയ്ത പ്പോഴല്ല വെറും യാദൃശ്ചികമായി ഒരു ബാല്യക്കാര ത്തിയുടെ ചോദ്യത്തിനു മുമ്പിലാണ് പത്രോസ് വീണു പോയത്. താൻ തിരിച്ചറിയപ്പെട്ടുവെന്നും തന്നെയും അവർ ഉപദ്രവിക്കുമെന്നുള്ള ഭയമാണ് അവനെ ക്കൊണ്ട് ഇതു പറയിപ്പിച്ചത്. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു. ഇവിടെ ഭയം സ്നേഹത്തെ പുറത്താക്കി. ഭയം കൂടാതെ സ്നേഹിക്കാൻ നമുക്കു കഴിയണം. ഇന്നും വിശ്വാസികളായ നാമും പല പ്പോഴും മൂന്നല്ല എത്രയോ പ്രാവശ്യം കർത്താവിനെ വേദനിപ്പിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. അപ്പോഴൊക്കെയും സ്നേഹവാനായ കർത്താവ് കരു ണയോടെ നമ്മെ കടാക്ഷിക്കുന്നു. പക്ഷേ ആ നോട്ടം കാണാൻ നമുക്കു വിശ്വാസത്തിന്റെ കണ്ണുണ്ടോ എന്ന് നാം ആലോചിക്കണം.

പത്രോസ് തള്ളിപ്പറഞ്ഞെങ്കിലും കർത്താവ് പത്രോസിനെ തള്ളികളഞ്ഞില്ല. വാക്കു മാറിയതുമില്ല ഉയിർത്തെഴുന്നേറ്റ ശേഷം പല പ്രാവശ്യം ശിഷ്യ ന്മാർക്ക് പ്രത്യക്ഷപ്പെട്ടെങ്കിലും അവരിൽ പൂർണ്ണ വിശ്വാസം വന്നിരുന്നില്ല. തന്റെ കാര്യം നോക്കാനാണ് പത്രോസ് വീണ്ടും തീരുമാനിക്കുന്നത്. തന്റെ പഴയ തൊഴിലിലേക്ക് അവൻ പോകുന്നു. പക്ഷേ വാഗ്ദ ത്തങ്ങളിൽ വിശ്വസ്തനും വാക്കു മാറാത്തവനുമായ കർത്താവ് വീണ്ടും മൂന്നു പ്രാവശ്യം പത്രോസിനോട് നീ എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിക്കു ന്നു. അതിനുശേഷം തന്റെ ആടുകളെ മേയ്ക്കാനായി ഏൽപ്പിക്കുന്നു. പത്രോസേ നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന വാഗ്ദത്തം ഇവിടെ നിറവേറ്റപ്പെടുകയാണ്.

കഴിഞ്ഞ $3^1/_2$ വർഷക്കാലം എങ്ങനെ ആയി രുന്നുവെന്നും യേശു അവനെ ഏൽപ്പിച്ചിരുന്ന കാര്യ ങ്ങളും പത്രോസ് മറന്നു പോയിരുന്നു. ഇന്നും മനു ഷ്യർ അങ്ങനെയാണ്. ഒരു വിഷമഘട്ടം വരുമ്പോൾ ദൈവം തന്ന നന്മകൾ മറക്കുകയും ദൈവത്തെ കുറ്റം പറയുകയും ചെയ്യും. ചിലർ പള്ളിയിൽ പോകുന്നതു തന്നെ മതിയാക്കും. അല്ലെങ്കിൽ എല്ലാം ഒന്നു ശരി യാകട്ടെ എന്നിട്ട് പോകാം എന്നു കരുതും. നാം ഒന്നു മനസ്സിലാക്കണം. ദൈവം അറിയാതെ ഒന്നും സംഭ വിക്കുന്നില്ല.

ഇന്ന് പുതിയ തലമുറ മാത്രമല്ല മുതിർന്നവരും അവരവരുടെ ലോകത്തിൽ മുഖം കുനിച്ചിരി ക്കുന്നവരാണ്. നമ്മുടെയൊക്കെ കൈയിലുള്ള ആ ചെറിയ ഉപകരണത്തിലൂടെയാണ് സാത്താൻ ഇന്ന് ലോകത്തെ നിയന്ത്രിക്കുന്നത്. അപ്പനെയും അമ്മ യെയും ശ്രദ്ധിക്കാതെ, ചുറ്റും നടക്കുന്നതൊന്നും അറി യാതെ അവർ ആയിരിക്കുന്നു. ആരാധനകളിൽ പങ്കെ ടുത്താലും അതിൽ മാത്രമായി ചുരുങ്ങുന്നു. വചനം വായിക്കാനോ മറ്റൊന്നിനുമോ നമുക്കു സമയമില്ല. നാം പ്രാർത്ഥിക്കാറുണ്ടോ? നമ്മുടെ തലമുറകൾക്കു വേണ്ടി കരഞ്ഞു പ്രാർത്ഥിക്കുന്നവരാണോ നമ്മൾ? സാത്താനെതിരെ പ്രയോഗിക്കാൻ ആ ഒരായുധമേ ദൈവമക്കൾക്കുള്ളൂ. യെരിഹോ മതിൽ എങ്ങനെ ഇടിഞ്ഞു വീണു എന്നു പഠിച്ചിട്ടുണ്ട്. പിശാചിന്റെ വാഴ്ചക്കു മുകളിൽ നമ്മുടെ പ്രാർത്ഥനകൾ എത്ത ണം. അവന്റെ കോട്ടകൾ ഇടിഞ്ഞു വീഴണം.

പ്രാർത്ഥനയുള്ള ഒരു കുടുംബത്തിൽ കടന്നു വരാൻ സാത്താന് ഭയമുണ്ട്. ഭയാനകമായ, നമുക്കു ചിന്തിക്കാനോ, ഉൾക്കൊള്ളാനോ കഴിയാത്ത പ്രശ്ന ങ്ങളുടെ നടുവിലാണ് ലോകവും നാമും ഇന്ന് ആയി രിക്കുന്നത്. ആത്മാർത്ഥമായ ആഴമേറിയ പ്രാർത്ഥന കൾക്കേ ഇതിനൊരു മാറ്റം വരുത്തുവാൻ കഴിയുക യുള്ളൂ. ചിന്താഗതികളും കാഴ്ചപ്പാടുകളും മാറിപ്പോ യി. പ്രാർത്ഥന ഒരു നിക്ഷേപമാണ്. അത് പാഴാകില്ല. അത് തലമുറകൾക്ക് അനുഗ്രഹമായി വരും.

ദൈവത്തിൽ നിന്നകന്നു ജീവിത മൂല്യങ്ങളും, വിശുദ്ധിയും മറന്നു പോയ ഒരു തലമുറക്കു വേണ്ടി നമുക്കും പ്രാർത്ഥിക്കാം. പത്രോസിനെപ്പോലെ ഒന്നു ദൈവത്തിന്റെ മുഖത്തേക്ക് നോക്കാൻ - മനം നൊന്ത് കരയാൻ - അനുതപിക്കാൻ - നമുക്കു കഴിയണം. ദൈവം നമ്മെ നോക്കിയിരിക്കുന്നു. ദൈവയിഷ്ടത്തി ലേക്ക് മടങ്ങി വരാൻ നമുക്കു കഴിയട്ടെ.

✱

# നിരന്തരം നയിക്കുന്ന ദൈവം



**Dr.Jeesper Susan John.S.R**
Associate Professor
Govt. Homoeopathic
Medical collage, TVM
Mob: 6238717489

1 രാജാക്കന്മാർ 17:35

'നീ ഇവിടെ നിന്നു പുറപ്പെട്ടു കിഴക്കോട്ടു ചെന്നു യോർദ്ദാനു കിഴക്കുള്ള കെരീത്തു തോട്ടിനരികെ ഒളിച്ചിരിക്ക. തോട്ടിൽ നിന്നു നീ കുടിച്ചു കൊള്ളേണം. അവിടെ നിനക്കു ഭക്ഷണം തരേണ്ടതിനു ഞാൻ കാക്കയോടു കല്പിച്ചിരിക്കുന്നു'.

മൂന്നര വർഷകാലത്തേക്ക് മഴയില്ലാതെ വരൾച്ചയും തൽഫലമായി ക്ഷാമവും ഉണ്ടാകുമെന്ന് ഏലിയാവ് പ്രവചിച്ചു. ആഹാബ് കുടുംബത്തിന്റെ പാപം മൂലമുള്ള ദൈവത്തിന്റെ ന്യായവിധിയായിരുന്നു ഇത്. അങ്ങനെ ഇസ്രായേൽ മുഴുവനും കൊടും വരൾച്ചയിലായി. മനുഷ്യരും, മൃഗങ്ങളും, ഭക്ഷണവും, ജലവും ഇല്ലാതെ ചത്തൊടുങ്ങി. എന്നാൽ യഹോവയായ ദൈവം തന്റെ പ്രവാചകനായ ഏലിയാവിനെ പ്രത്യേകം കരുതി. അങ്ങനെ ഏലിയാവിനുണ്ടായ യഹോവയുടെ അരുളപ്പാടാണ് മേലുദ്ധരിച്ച വാക്യം.

ഏലിയാവ് കെരീത്തു തോട്ടിനരികെ പോയി ഒളിച്ചിരുന്നു. ദൈവം അതിശയകരമായ വിധത്തിൽ ഏലിയാവിനെ പോറ്റി. ദേശത്തെല്ലാം ഭയങ്കര ക്ഷാമം ഉണ്ടായപ്പോൾ ഏലിയാവിനു രാവിലെയും വൈകിട്ടും കാക്ക അപ്പവും ഇറച്ചിയും കൊണ്ടു വന്നു കൊടുക്കുമായിരുന്നു. യോർദ്ദാനു കിഴക്കുള്ള കെരീത്തു തോട്ടിലെ വെള്ളം വറ്റിയപ്പോൾ ദൈവം മറ്റൊരു സ്ഥാനത്തേക്ക് ഏലിയാവിനെ അയച്ചു.

1 രാജാക്കന്മാർ 17:9ാം വാക്യം, 'നീ എഴുന്നേറ്റു സീദോനോടു ചേർന്ന സാരെഫാത്തിലേക്കു ചെന്നു അവിടെ പാർക്ക. നിന്നെ പുലർത്തേണ്ടതിനു അവിടെയുള്ള ഒരു വിധവയോടു ഞാൻ കല്പിച്ചിരിക്കുന്നു'. സാരെഫാത്തിലെ പ്രഭുക്കന്മാരെയോ, സമ്പന്നരെയോ അല്ല മറിച്ച്, ദരിദ്രയായ ഒരു വിധവയെയാണു പ്രവാചകനെ സംരക്ഷിക്കുവാൻ ദൈവം ഉപയോഗിച്ചത്. വിധവയെക്കൊണ്ട് ദൈവം ഏലിയാവിനെ പോറ്റുന്നതായി കാണാം. ദേശത്തു മഴയുണ്ടാകു ന്നതുവരെ ഏലിയാവും, വിധവയും അവളുടെ വീട്ടുകാരും സമൃദ്ധിയായി ഭക്ഷണം കഴിച്ചു. എല്ലാറ്റിലൂടെയും, എല്ലാവരിലൂടെയും പരിപാലിക്കു ന്നത് ദൈവമാണെങ്കിൽ, പരിപാലനം നൽകിയ വ്യക്തികളും സാഹചര്യങ്ങളും മാറിയാലും നാം ഭയപ്പെടേണ്ടതില്ല. കെരീത്തു തോട്ടിലെ വെള്ളം വറ്റിയാലും ദൈവത്തിന്റെ പ്രവൃത്തി വറ്റിപ്പോകില്ല. കാക്കയുടെ വരവു നിന്നാലും കർത്താവിന്റെ സ്നേഹ പ്രവാഹം നിലയ്ക്കില്ല. വറ്റിപ്പോയ ഉറവകളിലേക്കും, വരവു നിർത്തിയ കാക്കകളി ലേക്കും മനസ്സുടക്കി വിലപിച്ചു കഴിയാതെ സാറഫാത്തിലേക്ക് വഴി കാണിക്കുന്ന ദൈവശബ്ദത്തിനു ചെവി കൊടുത്താൽ മാത്രം മതി, ഏതു പ്രതിസന്ധിയെയും അതിജീവിക്കാൻ സാധിക്കും.

യെശയ്യാവ് 58:11-ാം വാക്യത്തിൽ പറയുന്നു : 'കർത്താവു നിന്നെ നിരന്തരം നയിക്കും. മരുഭൂമിയിലും നിനക്കു സമൃദ്ധി നല്കും. അവിടന്നു നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നട്ടുവളർത്തിയ പൂന്തോട്ടവും ഒരിക്കലും വറ്റാത്ത നീരുറവും പോലെയാകും.

കർത്താവു നമ്മെ നയിക്കുന്നത് ചില കാലങ്ങളിലോ, ചില സാഹചര്യങ്ങളിലോ മാത്രമല്ല മറിച്ച്, നിരന്തരം അവൻ നമ്മെ നടത്തുന്നു. പക്ഷേ, ദൈവം നയിക്കുമ്പോഴും മരുഭൂമിയുടെ അവസ്ഥകളിലൂടെ കടന്നു പോകേണ്ടി വരും. എങ്കിലും ഭയപ്പെടേണ്ടതില്ല. കാരണം വചനം പറയുന്നു 'മരുഭൂമിയിലും നിനക്കു സമൃദ്ധി നല്കും'. മന്നയായി, കാടപ്പക്ഷിയായി, മേഘസ്തംഭമായി, അഗ്നിസ്തംഭമായി, നിരന്തരം ദൈവം നമ്മെ വഴി നടത്തും. വിശ്വാസത്തോടെ ദൈവസന്നിധിയിലായിരിക്കാം.

*

# ജ്ഞാനികൾ

എഫെസ്യർ 5:15-17

Issac Lavi
Rtd.Principal,
Govt. HSS, Thrissur
Mob: 9447342834



അറിവ് എന്ന പദത്തിന് ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്ന രണ്ടു വാക്കുകൾ Knowledge, Wisdom.

Knowledge = അറിവ്, Wisdom = ജ്ഞാനം

അറിവ് ലഭിക്കുന്ന മുഖാന്തരങ്ങൾ : പുസ്തക വായനയിലൂടെ, അദ്ധ്യാപനത്തിലൂടെ, പ്രസംഗങ്ങൾ കേൾക്കുന്നതിലൂടെ, വാർത്താ മാദ്ധ്യമത്തിലൂടെ, ടി.വി. കാണുന്നതിലൂടെ, മുതിർന്നവരുടെ ഗുണദോഷങ്ങളിലൂടെ, ഈ രീതികളിൽ അറിവ് സമ്പാദിക്കുന്നു.

എന്നാൽ ജ്ഞാനം ഗ്രഹിക്കുവാൻ മറ്റു മാർഗ്ഗം ഇല്ല. ബൈബിൾ പറയുന്നു : 'യഹോവയെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ" "യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭം". അറിവുള്ളവരെല്ലാം ബുദ്ധിമാനാകണമെന്നില്ല. യഥാർത്ഥ യഹോവാഭക്തിയുള്ളവർ ജ്ഞാനികളും ബുദ്ധിമാനും ആയിരിക്കും. ആയതിനാൽ യഹോവ പറയുന്ന ജ്ഞാനികളായി നടക്കുവാൻ നോക്കുക (പരിശ്രമിക്കുക). കാരണം ഇത് ദുഷ്കാലം. ഇത് ദുഷ്കാലമെന്നതിനുള്ള ചില സൂചനകൾ : ഇരുപതാം നൂറ്റാണ്ടിൽ ഒരു വീട്ടിൽ അഞ്ചു മക്കളെങ്കിലും കാണും അപ്പനും അമ്മയും മക്കളും മിക്കവാറും വിദ്യാഭ്യാസമില്ലാത്തവർ. എങ്കിലും മാതാപിതാക്കളെ അനുസരിച്ചു പോന്ന മക്കൾ. കുടുംബത്തിൽ സമാധാനവും സന്തോഷവുമുണ്ടായിരിക്കും. ഈ തലമുറയിൽ (21-ാം നൂറ്റാണ്ട്) രണ്ടു മക്കൾ കഷ്ടിച്ച്. അപ്പനും അമ്മയ്ക്കും മക്കൾക്കും ഉയർന്ന വിദ്യാഭ്യാസം. ഇത്തരം വീടുകളിൽ അനുസരണമോ, സ്വസ്ഥതയോ, സമാധാനമോ ഇല്ല. കാരണം ദുഷ്ക്കാലം. മുൻപ് അദ്ധ്യാപകരെ നേരിൽ ക്കാണാതെ വിദ്യാർത്ഥികൾ ദൂരെ മാറി കടന്നു പോയിരുന്നു. ഇന്ന് അദ്ധ്യാപകർക്ക് പരിക്ക് പറ്റാതിരിക്കാൻ കുട്ടികൾ വരുന്ന വഴിയിൽ നിന്നും മാറി കടന്നു പോകുന്നു. കാരണം ദുഷ്ക്കാലം. മുൻപ് പള്ളികളിൽ കോളേജ് വിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവ്. ഇന്ന് ഡിഗ്രിക്കാരുടെ എണ്ണം കൂടുതൽ. മുമ്പുള്ള സ്വസ്ഥതയും, സമാധാനവും ഇന്ന് സഭകളിൽ കുറവ്, കാരണം ദുഷ്ക്കാലം.

മുൻ കാലങ്ങളിൽ സഭയിലെ പുരോഹിതന്മാർ വലിയ വിദ്യാഭ്യാസമില്ലാത്തവർ. ഇന്ന് പേരിനെക്കാൾ നീളം ഡിഗ്രികൾക്കുണ്ടാകും. പരിണിത ഫലം സഭാ ആസ്ഥാനങ്ങളിൽ സമാധാനമില്ല.. മുൻകാലങ്ങളിൽ തൊഴിലാളികൾ ജന്മികളുടെ വീട്ടിൽ തൊഴിൽ തേടി പ്പോകും. ഇന്ന് ജന്മികൾ തൊഴിലാളികളുടെ വീട് തേടി വരുന്നു. ഭരണ സിരാ കേന്ദ്രങ്ങളിൽ സ്വസ്ഥതയും സമാധാനവും ഇല്ല. ഇതിനു കാരണം ദൈവ പരിജ്ഞാനം ഇല്ലാത്തവർ എന്നു കാണാം. ഇത്തരം അവസ്ഥക്ക് പരിഹാരം ദൈവം നിർദ്ദേശിക്കുന്നു. (സങ്കീ.128). ദൈവത്തെ ഭയപ്പെട്ട്, ദൈവ വഴികളിൽ നടക്കുക. ഇന്നത്തെ തലമുറയിലെ മക്കളെക്കുറിച്ച് പഠിച്ചാൽ മനസ്സിലാക്കാൻ കഴിയുന്ന വസ്തുത സൂചിപ്പിക്കട്ടെ.

6 വയസു വരെ പ്രായമായ കുട്ടികൾ, മാതാപിതാക്കൾക്ക് എല്ലാ അറിവുമുള്ളവരാണെന്ന ചിന്ത. എന്നാൽ 12 വയസ്സാകുമ്പോൾ ചിന്തിക്കുന്നത് അപ്പനും, അമ്മക്കും അറിഞ്ഞു കൂടാത്ത ചിലത് അവർക്ക് അറിയാം എന്നാണ്. എന്നാൽ 18 വയസ്സാകുമ്പോൾ ഇക്കൂട്ടർ പറയുന്നത് മാതാപിതാക്കൾക്ക് ഒരു ചുക്കും അറിഞ്ഞു കൂടാ. മിണ്ടാതിരുന്നോണം. ഇത്തരക്കാരോട് ദൈവം പറയുന്നു 'ദീർഘായുസുണ്ടാകുവാൻ അപ്പനെയും അമ്മയെയും ബഹുമാനിക്ക'. ഇത്തരത്തിൽ സഭയിലും, ഭവനങ്ങളിലും ജ്ഞാനമുള്ള തലമുറക്കായി പ്രാർത്ഥിക്കാം പ്രവർത്തിക്കാം. ✱

---




## അനുമോദനം

2024-25 കാലയളവിൽ ഉൾക്കാഴ്ചയിൽ പ്രസിദ്ധീകരിച്ച മികച്ച ലേഖനം (ജ്ഞാനമുള്ള സ്ത്രീ) എഴുതിയ, മൈലക്കര ലൂഥറൻ സഭാംഗം ശ്രീമതി.പി.വിമലകുമാരിയെ വാർഷിക പൊതുയോഗത്തിൽ വച്ച് ക്യാഷ് അവാർഡും മെഡലും നൽകി, റവ.ഡോ.രാജേന്ദ്ര ബാബു അനുമോദിക്കുന്നു.

# IDENTIFICATION PARADE OF COMMON MONSOON DISEASES



**Dr Soumya Krishnan BHMS, MD**
(HOM)"Sandwana Homeopathic Multispeciality Hospital "Attingal "Thiruvananthapuram
Mob: 8547801235

Monsoon,also known as Season of Flu ,is regarded as the most fertile season for breeding of harmful microorganisms and its carriers like flies and mosquito. Owing to humidity, mud and stagnant water as means of propagation for multiple viruses and bacteria, the risk of infection in monsoon is higher than other seasons. Therefore implementing a healthy precautionary life style can be a better step for preventing monsoon diseases.

Fever is the most common symptom that shares most of the monsoon illnesses. A right diagnosis forms the corner stone of getting early treatment, faster recovery and preventing complications.

Here are some common monsoon diseases with its symptoms and diagnosis.

## 1.DENGUE

• Mosquito borne viral disease, Flavi virus genus, transmitted by female Aedesaegypti mosquito.

• Usually present with mild flu like symptoms to lethal complication like dengue hemorrhagic fever.

• Incubation period of 4-10 days after bite of an infected mosquito, symptoms usually persist for 2-7 days.

**CLINICAL FEATURES**

• High fever(40 degree C /104 F) • Severe headache • Muscle and joint pain very severe, hence breakbone fever. • Nausea • Vomiting • Swollen glands • Rash

**INVESTIGATION**

• Dengue NS1Ag • Dengue IgM antibody test • Complete blood count • Low TC • Low platelet • High hematocrit

**RED FLAG SIGNS**

• Nano pulse pressure(small difference between systolic and diastolic BP) • Platelet count less than 20000 • Shock like symptoms • High PCV

## 2. CHIKUNGUNYA

• Viral disease, Chikungunya virus, transmitted by Aedesaegypti or Aedesalbopictus

• Symtoms occur 4-8 days later and included fever and joint pain

**CLINICAL FEATURES**

• Fever(102-105 F)- Fever return for 1-2 days after afebrile period of 4-10 days,hence saddle back fever • Rash • Polyarthritis- swollen tender joints with tenosynovitis • Myalgia • Pharyngitis

**INVESTIGATION**

ChikungunyaIgM antibody test

## 3. MALARIA

• Life threatening disease caused by Plasmodium parasite, transmitted through female Anopheles mosquito.

• Symptoms usually appear 10-15 days after the infective mosquito bite

**CLINICAL FEATURES**

• High fever • Body aches • Moderate to severe chills • Fall in body temperature with excessive sweating • Headaches • Nausea, vomiting • Diarrhea

**INVESTIGATION**

• Malaria Smear Examination- Thick and Thin smear • PCR

**RED FLAG SIGNS**

• Confusion • Seizure • Breathing difficulty • Dark or bloody urine • Jaundice • Abnormal bleeding

## 4. TYPHOID

• Life threatening disease caused by Salmonella Typhi

• Usually spread through uncovered or spoilt food or contaminated water.

**CLINICAL FEATURES**

• Prolonged fever(step ladder fever) • Fatigue • Head ache • Nausea • Abdominal pain • Constipation • Diarrhea • After 7-10 days of illness- fever 103- 104 F, Rose spots

**INVESTIGATION**

• Widal test • IgM S typhi • R/E Blood- Elevated ESR, Thrombocytopenia, relativelymphopenia

• Bleeding profile- Elevated prothrombin time and aPTT ,decreased fibrinogen level

• Liver function test- Elevated bilirubin, transaminase • CRP

- SGOT/LDH ratio- less than 9:1

**RED FLAG SIGNS**

- Delirium, apathy, confusion • Acute lobar pneumonia • Intestinal hemorrhage • Bowel perforation

**5. LEPTOSPIROSIS**

- Affects humans and animals and is caused by spirochetes Leptospira.
- Spread through the urine of infected animals , which can get into water or soil and can survive there for weeks and months.
- Affected due to contact with dirty water or mud

**Clinical features**

- Fever (38-40 c) • Rigors • Headache, retro-orbital pain, photophobia • Muscle pain localized to calf and lumbar region
- Conjunctival suffusion • Dry cough
- Nausea, vomiting, diarrhea

**RED FLAG SIGNS**

Icteric leptospirosis, also known as Weil disease with following features

- Icterus or frank jaundice • Renal failure with oliguria • Hemorrhagic features
- Systemic inflammatory syndrome or shock

**INVESTIGATIONS**

- IgM or IgGLeptospira • Real time DNA PCR of blood , Urine or CSF • Microscopic agglutination test – standard criterion
- Renal function test • Liver function test
- Coagulation studies • CSF analysis
- CXR,ECG

**6.HEPATITIS A**

- Highly contagious liver infection causes by Hepatitis A virus
- Transmitted through ingestion of contaminated food and water or through direct contact with infectious person and fomites.

**CLINICAL FEATURES**

- Fever • Unusual tiredness and weakness
- Loss of appetite • Jaundice • Diarrhea
- Nausea, abdominal discomfort, vomiting
- Dark colored urine • Clay or grey colored stool • Intense itching

**INVESTIGATION**

- IgM HAV antibody • Serum bilirubin
- High SGOT,SGPT • SGOT/LDH ratio- greater than 9:1

**RED FLAG SIGN**

- Fulminant hepatitis

**7. INFLUENZA**

- Commonly known as seasonal flu and is caused by influenza virus which transmitted through air

**CLINICAL FEATURES**

- Fever or feeling feverish/chills • Cough
- Sore throat • Runny or snuffy nose
- Muscle or bodyaches • Headaches
- Fatigue • Vomiting or diarrhea

**8.CHOLERA**

- Caused by ingestion of food and water contaminated with Vibrio cholera
- Associated with diarrhea which can be lethal , if left untreated.
- Most of those infected have no or mild symptoms including watery loose motions with severe dehydration.

**TIPS FOR PROTECTION FROM MOSQUITO BORNE DISEASES**

**Prevention of mosquito breeding**

- Don't allow water to stagnant or collect in around house.
- Dispose solid waste properly
- Maintain hygiene and wash your bathroom regularly.
- Properly use insecticides to treat water storage/ outdoor containers.

**Personal protection from mosquito bites**

- Use personal household protection measures like repellents, insecticides treated nets.
- Wear cloths that reduces skin exposure to mosquitos
- Sleep under insecticide treated nets

**TIPS FOR PREVENTION OF FOOD AND WATER BORNE DISEASES**

- Ensure clean and safe water drinking • Cautious about adequate sanitation , hygiene among food handlers. • Keep your hands clean by washing them consistently • Always boil water and wash fruits thoroughly before consumption. • Do not swim in contaminated water. • Eliminate contact with potentially infected animals.

✱

# நவீன உலகில் கிறிஸ்தவ விசுவாசம்



Dr. L.E.Sahanam
Ph: 9400370085

இன்றைய முதிர்ந்த தலைமுறையினருக்கு அதிக பழக்கமற்ற ஒன்று தான் நவீன உலகம். ஆனாலும் அதன் நன்மை தீமைகளை அவர்களும் அனுபவிக்கிறார்கள். ஆகவே இந்த அதிசய உலகத்தைப் பார்க்கவும், கிறிஸ்தவ விசுவாசத்தின் உண்மை நிலை குறித்து அறிந்து கொள்வதற்கான முயற்சி தான் இந்த கட்டுரை.

**முன்னுரை :**

நவீன உலகமானது அதிவேகமாக வளர்ந்து வருகிறது. நேற்றைய நாட்களில் சாத்தியமற்றவை எனக் கூறப்பட்டவைகள் இன்று நிஜமாக நடைபெறுகிறது. சில நேரங்களில் உலகமே தலைகீழாக மாறியது போன்ற உணர்வை ஏற்படுத்துகிறது. ஒரு புதிய பொருளானது உருவாக்கப்பட்டு அதன் அமைப்பு, செயல்பாடு போன்றவை அறிமுகப்படுத்தி, அவை பயன்பாட்டிற்கு வந்து பயன்படுத்திக் கொண்டிருக்கும் போதே அதன் வளர்ச்சி அடுத்த கட்டத்திற்கு செல்கிறது. இன்றைய நவீன உலகம் வேகமாக வளர்ச்சி அடைந்து கொண்டிருக்கிறது.

**நவீன உலகின் சிறப்பு என்ன?**

ஒரு காலத்தில் அதிநவீன தொழில் நுட்ப அறிவு எனக்கருதப்பட்டவை இன்று அன்றாட வாழ்க்கையில் நிகழும் சாதாரண நிகழ்வாக மாறியிருக்கிறது. அறிவியல் உலகில் கனவுகளும் கற்பனைக்கதைகளும் இன்றைய சிறுக்குழந்தைகளின் விளையாட்டுப் பொருட்களாக மாறியுள்ளது. அவைகளில் பலவும் சாதாரண மக்களின் வாழ்வில் ஒரு பகுதியாக மாறி வருகின்றன.

**தொழில் நுட்ப உலகின் முக்கிய காரணிகள் :**

எளிமையாக கூறினால் தொழில் நுட்ப உலகில் தகவல் சேகரிக்கும் கருவிகளான கணினி, ஸ்மார்ட் போன் (கைப்பேசி), இணையம், மென்பொருள் போன்றவை தொழில் நுட்ப உலகின் முக்கியமான காரணிகள் ஆகும். இவற்றுடன் செயற்கை நுண்ணறிவு (Artificial Inteligence அதாவது AI) கூட இணையும் போது செயல்பாடுகள் அதிநவீனமாகவும் அதே நேரத்தில் எளிமையானதாகவும் மாறுகிறது. அவற்றின் செயல்பாட்டைக் குறித்து எந்த அறிவும் இல்லாத சாதாரண மனிதர்களும் எளிதில் பயன்படுத்தும் வகையில் உருவாக்கப்பட்டுள்ளது. இ-மெயில், இ-லேர்ணிங், போன் வாயிலாக நடைபெறும் பண பரிமாற்றம், வாட்ஸ் அப் மூலமான செய்தி பரிமாற்றம், காகித பயன்பாட்டை கட்டுப்படுத்தும் செயல்பாடுகள், ஜூம் வகுப்புகள், டிரைவர் இல்லாமல் ஓடும் கார்கள், ரோபோர்டிக் சர்ஜரி .......... என இந்த பட்டியல் நீண்டு கொண்டே செல்கிறது. (இங்கு குறிப்பிடப்பட்டுள்ள ஆங்கில சொற்கள் அதிகமாக பேச்சுவழக்கில் உள்ளதால் அப்படியே எழுதப் பட்டுள்ளன) சாதாரண செல்போனைக் கூடக குழந்தைகளுக்கு கொடுப்பதை தடை செயத் காலம் ஒன்று இருந்தது. இன்று நர்சரி பிரிவில் படிக்கும் குழந்தைகளுக்கும் கூட ஸ்மார்ட் போன் தவிர்க்க முடியாத ஒரு பொருளாக மாறிவிட்டது. (இது ஓரளவுக்கு கோவிட்-19 தாக்கம் எனலாம்). கடந்த மாதம் வெளிவந்த செய்தித் தாள் ஒன்றில் ஆரம்ப வகுப்புகளில் தகவல் தொழில் நுட்பக் கற்றல் (IT) மிகவும் மோசமாக உள்ளதாகவும், அடுத்த கல்வியாண்டில் ஒன்றாம் வகுப்பில் உள்ள மாணவர்களுக்கும் செயற்கை நுண்ணறிவு குறித்தான பாடங்களை அதிக அளவில் சேர்க்க வேண்டும் என அதில் குறிப்பிடப்பட்டிருந்தது. சாதாரண வாழ்க்கையிலும் தொழில் நுட்பமானது எளிதாக பரவி வருகிறது.

சமீப காலம் வரை அறிவைப் பெற்றுக் கொள்வது என்பது மிகப்பெரிய சாதனையாக கருதப்பட்டது. ஆனால் இன்று சூரியனுக்கு கீழே உள்ள எல்லாவற்றையும் சூரியனுக்கு அப்பாற்பட்டவை குறித்தும் ஸ்மார்ட் போனின் தொடுதிரையில் நாம் தொடுகையில் எல்லா விவரங்களும் நமக்க கொடுக்கப்படும் (Chat G.T.P. யை பயன்படுத்தினால் அவை சொல்லப்பட்டு நம்மால் கேட்க முடியும்). டிஜிட்டல் உலகில் வாழ்க்கை மிகவும் எளிதாக மாறிவிட்டது. ஒவ்வொரு புதிய கண்டு பிடிப்புகளும் மனிதனின் முக்கியத்துவத்தை கட்டுப்படுத்தி வருகிறது. எதிர்காலத்தில் மருத்துவமனைகளில் ஹெல்த் எ.டி.எம்கள் வரும். மருத்துவர் முன்னிலை இன்றி உங்கள் உடல்நிலை பற்றிய முழு தகவலையும் இது உங்களுக்கு தெரியப்படுத்தும். இப்படிப்பட்ட தொழில் நுட்பங்கள் வளர்ந்து வருகிறது.

**எண்களின் உலகம் :**

நவீன உலகமானது எண்களின் உலகம் ஆகும். இங்கு அனைத்தும் எண்களின் மூலம் செயல்படுத்தப்படுகிறது. மனித எலும்புகள் கூட எண்களால் ஆளப்படுகிறது. இங்கு மனிதர்களின் பெயர்களுக்கு முக்கியத்துவம் இல்லை. இந்தியாவில் நமது வாழ்வின் எல்லாப் பகுதிகளிலும் ஆதார் எண்ணுடனும் தொலைபேசி எண்ணுடனும் இணைக்கப்பட்டுள்ளது. இந்த இரண்டு எண்களும் இல்லாமல் எந்த செயல்களும் நடைபெறாது.

**மூன்று படி நிலைகள் :**

நவீன உலகத்திற்கான படிநிலைகளை மூன்று நிலைகளில் காணலாம். ஒன்று மனிதன் டிஜிட்டல்

பொருட்களை திறமையாக பயன்படுத்தும் முதன்மை நிலை. இந்த காலத்தில் டிஜிட்டல் கருவிகள் மனிதனின் வாழ்வை எளிமைப் படுத்தும் வெறும் கருவிகள். இரண்டாவது படி நிலையானது. இவை சுயமாக இயங்கும் கருவிகள். எல்லா செயல்களையும் செய்யும் செயற்கை மனிதர்கள் (ரோபோக்கள்), டிரைவர் இல்லாமல் இயங்கும் கார்கள் மற்றும் எதிரியின் மறைவிடத்தை சுயமாக கண்டறிந்து அதனை அழிக்கும் ட்ரோன்கள் போன்றவற்றை இந்த காலத்தில் பார்க்க முடியும். மூன்றாவது படி நிலையானது மிகவும் ஆபத்தானது. அங்கு மனிதர்களை இயந்திரங்கள் கட்டுப்படுத்தும். அப்போது மனிதனின் ஆளுமைக்கு எவ்வித மதிப்பும் இருக்காது. கடந்த நாட்களில் (29.12.2024) வெளிவந்த செய்திதாளில் வெளிவந்த ஒரு செய்தி 2024 ஆம் ஆண்டிற்கான நோபல் பரிசிற்கு AI தொழில் நுட்பத்தின் கண்டுப்பிடிப்பாளர் என அழைக்கப்படும் ஜெப்றிஙின்டின் அறிக்கை.

செயற்கை நுண்ணறிவின் வளர்ச்சியானது எதிர்பார்த்ததை விட வேகமாக வளர்ந்துள்ளது எனவும், முப்பது வருடங்களுக்குள் மனித குலத்தை AI முற்றிலுமாக அழித்துவிடும் என்பது தான். அது டிஜிட்டல் உலகின் உண்மையான படமாக இருக்கும். இங்கு முக்கியமான வினாவாக பார்த்தோமானால் நவீன உலகத்தை மனிதர்கள் கட்டுப்படுத்துகிறார்களா? அல்லது நவீன உலகம் மனிதர்களை கட்டுப்படுத்துகிறதா? நவீன கருவிகள் நம் கைகளில் கருவிகளா? நாம் அவைகளின் கருவிகளா?

## பரிணாம நிலை (Transition Stage)

நாம் இப்போது முற்றிலுமாக நவீன உலகில் வாழ்கிறோமா? இல்லை ஆனால் பழைய உலகில் இருந்து நவீன உலகத்திற்கான பயணத்தில் உள்ளோம். இப்போது எண்பது எழுபது வயதானவர்கள் இந்த இரண்டு உலகின் பயன்களையும் அனுபவிக்கிறார் என்பது பொதுவான கூற்று ஆகும். இதனை பரிணாம நிலை எனக் கூறலாம் இந்த பரிணாம காலத்தில் பரம்பரையாக செய்து வருகிற அனைத்தையும் எளிமையாக செய்ய முடிகிறது. அதனால் விசுவாசம் சம்மந்தமானவைகளையும் திறம்பட செயல்படுத்த முடியும்.

## நவீன தொழில் நுட்பமும் புதிய உலகமும்

உலகம் நவீன தொழில் நுட்பத்துக்கு முழுவதுமாக அடிபணிந்தால் என்ன நடக்கும் என்பது தான் கேள்வி. உலகில் உள்ள அனைத்தும் நவீன உலகத்தின் கட்டுப்பாட்டுக்குள் வந்தால் அங்கு மனிதனின் முக்கியத்துவம் என்ன? அங்கு கிறிஸ்தவ விசுவாசத்திற்கோ பரந்த அர்த்தத்தில் பார்த்தோமானால் மதங்களின் முக்கியத்துவம் என்ன? நவீன தொழில்நுட்பத்தால் ஆராதனைகளை கவர்ச்சிகரமாக மாற்ற முடியும். (ஸ்மார்ட் போண்களில் பாடல் புத்தகங்கள், ஆராதனை முறைமைகள், வேத புத்தக மொழி பெயர்ப்புகள் மற்றும் விளக்கங்களை பார்க்க முடியும்).

ஆனால் இவற்றை விட அடிப்படையான கேள்விகள் சில உள்ளன. நவீன உலகில் கடவுளுக்கு கொடுக்கும் முக்கியத்துவம் என்ன? நவீன தொழில் நுட்பத்தால் கட்டுப்படுத்தப்படும் போது, நமது வாழ்வே நவீன தொழில் நுட்பத்தின் கட்டுப்பாட்டில் வரும்போது அங்கு கடவுளின் முக்கியத்துவம் என்ன? சமீபகாலத்தில் மரபணு பொறியியல் ஆராய்ச்சியின் விளைவாக செயற்கை கருப்பைகள் மூலமாக குழந்தைகள் பிறப்பதைக் குறித்து வாசிக்க முடிந்தது. அவ்வாறு பிறக்கும் குழந்தைகளின் ஆன்மீக நிலை எவ்வாறு காணப்படும். விசுவாசம் சார்ந்த விஷயங்களைக் குறித்து நாம் எவ்வாறு கற்பிக்க முடியும். இறையியல் கோட்பாடுகள் மற்றும் வாதங்களை தவிர்த்தாலும் கிறிஸ்தவ விசுவாசத்தின் மையப் பொருளான படைப்பு, பாவம், இரட்சிப்பு, நியாயத்தீர்ப்பு, நித்திய ஜீவன் போன்ற கிறிஸ்தவ நம்பிக்கையின் அடிப்படைகளின் முக்கியத்துவம் என்ன?

சமீபகாலத்தில் சுவிட்சாலாந்தில் உள்ள புனித பீட்டர் தேவாலயத்தில் செயற்கை நுண்ணறிவின் உதவியுடன் இயேசுவின் முப்பரிமாண உருவம் (Holographi Jesus) வடிவமைத்து பிரதிஷ்டை செய்தனர். பேசும் திறன் கொண்ட இந்த உருவமானது வேதத்தின் அடிப்படையில் கேட்கப்படும் அனைத்து கேள்விகளுக்கும் பதிலளிக்கும் டிஜிட்டல் யுகத்தின் துவக்கம் தான் இந்த நிகழ்வுகள்.

முழு உலகில் கிறிஸ்தவ விசுவாசம் அதாவது கடவுள் நம்பிக்கை என்பது கேள்விக்குறியாக உள்ளது. முற்றிலுமாக நவீன உலகத்தால் கட்டுப்படுத்தப்படும்போது மனிதனின் நிலை என்பது கேள்விக்குறியாகவே உள்ளது. புதிய தலைமுறையின் கேள்விகளுக்கு பழைய தலைமுறையின் பதில்கள் பொருத்தமற்றவையாக காணப்படும். அவர்களுக்கு புரியும் மொழியில் பதில்கள் கூற பழைய தலைமுறையினருக்கு இயல வேண்டும். அப்போஸ்தலர்கள் மூலம் வாய்மொழியாகத் தொடங்கிய சுவிசேஷம் 'பாப்பிரஸ்' மற்றும் 'பார்ச்மென்ட்' மூலம் பரிணாம வளர்ச்சியடைந்தது. 15-ஆம் நூற்றாண்டில் அச்சடிக்கும் யுகத்தை எட்டியது. கடந்த இரண்டு நூற்றாண்டுகளில் பல மொழிகளிலும் வேதபுத்தகம் அச்சடித்து வேறுபட்ட சமூகத்தை சேர்ந்தவர்களுக்கும் கொண்டு சேர்க்க முயற்சிகள் மேற்கொள்ளப்பட்டது.

சைபர் உலகத்தில் மொழிகள் தாமாகவே உருவாகியுள்ளன. சைபர் அல்லது டிஜிட்டல் உலகமானது தன் சொந்த கருத்துகளை வெளியிட ஊடகங்களை உருவாக்கியுள்ளது. நாம் பயன்படுத்தும் வார்த்தைகளை ஒரு வடிவத்தில் பயன்படுத்துவதில்லை. அது மட்டுமல்லாமல் நம் கருத்துகளை பரிமாறுவது கூட புதிய முறைகளில் தான் ஹெபர் டெக்ஸ்ட் முறையை பின்பற்றி சைபர் மொழி நடை உருவாக்கப்பட்டுள்ளது. மொழி அமைப்பு மாறிவிட்டது. சுருக்கெழுத்துக்கள், குறியீடுகள், எழுத்துகள், ஈமோஜிகள், ஸ்மைலிகள் மற்றும் எமோட்டிகான்கள் போன்றவற்றை

உள்ளடக்கிய புதிய மொழிநடை உருவாக்கப்பட்டது. மலையாள மொழியிலும் சைபர் இலக்கியம் என்ற புதிய மொழிப்பிரிவு உருவாக்கப்பட்டுள்ளது. இந்தச் சூழலில் தான் கிறிஸ்தவக் கருத்துகளை எவ்வாறு பரிமாறுவது என்ற கேள்விக்கு முக்கியத்துவம் அதிகரிக்கிறது.

கிறிஸ்தவ விசுவாசத்தின் அடிப்படை காரணிகளான படைப்பு, பாவத்திற்கு அடிமையாதல், பாவம், மீட்பு, இரட்சிப்பு மற்றும் நித்திய ஜீவன் போன்றவற்றிற்கான மதிப்பு என்ன? இவற்றை எவ்வாறு பகிர்ந்து கொடுக்க முடியும்? இயந்திரங்களின் கட்டுப்பாட்டால் இயங்கும் மனித வாழ்வில் இவை எப்படி சாத்தியமாகும்?

மனிதன் ஒரு உணர்வு பூர்வமான உயிரினம் ஆகும். நவீன உலகத்தில் உணர்வுகளுக்கு மதிப்பு உண்டா? நமது உலகில் நெருக்கம், நேருக்கு நேர் உள்ள பேச்சு போன்றவற்றால் உறவுகள் நிலைநாட்டப்படும்போது சைபர் உலகத்தில் நம் எல்லைகளைக் கடந்து உறவில் இணைகிறோம். சுருக்கமாக கூறினால் எல்லாமே இயந்திரமயமானால் உணர்வுகளுக்கு மதிப்பு இல்லாமல் போய்விடும். அப்போது கிறிஸ்தவ நம்பிக்கைகள் மென்மையான உணர்வுகள் கிறிஸ்தவத்தின் அடிப்படை காரணியான பரிசுத்தமும் எல்லையற்றதுமான மெய் அன்பின் முக்கியத்துவம் என்ன?

**டிஜிட்டல் உலகின் ஆபத்துகள் :**

சைபர் கிரைம் என்பது இணைய உலகில் மிக ஆபத்தான ஒன்று ஆகும். இன்று தினம் தோறும நாம் புதிய சைபர் குற்றங்கள் குறித்த செய்திகள் நம்மை அதிர்ச்சியடைய செய்கிறது. நிதி மோசடிகள், பொய்யான அடையாள அட்டைகளை உருவாக்கி அதன் மூலமான மோசடிகள், சைபர் குற்றங்கள், ஆன்லைன் கேயிம்கள், பப்ஜி, ஃபுளுவெயின் கேயிம்கள், தற்கொலை அல்லது கொலைக்கு தூண்டும் விளையாட்டுகள், டிஜிட்டல் கைதுகள் மூலமான பணம் பறித்தல் மற்றும் பல. இவை அனைத்தும் விடைகாண முடியாத வளர்ச்சியின் தோல்விகள்.

கோவிட் 19 காலத்தின் போது இனி உலக வரலாற்றை குறிப்பிடும் போது கோவிட்டுக்கு பின் கோவிட்டுக்கு முன் என கூறப்படும் என கூறப்பட்டது. ஆனால் நவீன உலகம் வேறுபட்டது. தெரிந்தோ தெரியாமலோ நாம் அனைவரும் அதன் அங்கத்தினர்களாக மாறி விட்டோம். அதன் பார்வையாளராக யாராலும் ஒதுங்கி நிற்க முடியவில்லை. பிரச்சனை என்னவென்று பார்த்தால் உலகின் கேள்விகளுக்கு யாரால் விடை கூற முடிகிறது என்பது தான். பழைய தலைமுறையினர் கொடுக்கும் விடைகள் புதிய தலைமுறைக்கு பொருத்தமற்றதாக உள்ளது. அதனால் தான் அந்த பொறுப்பை புதிய தலைமுறையிடம் விட்டு விடுகிறோம். அவர்களால் மட்டுமே புதுமைகளை செய்ய இயலும்.

Translated by
**Mrs.Shiji.B.L**
Kalparapotta

*

---

## മാന്യ വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഉൾക്കാഴ്ച എന്ന ഈ ത്രൈമാസികയുടെ പ്രസിദ്ധീകരണം ഒരു കൂട്ടം ആൾക്കാരുടെ നിസ്വാർത്ഥവും സേവന മനോഭാവത്തോടും കൂടെയുള്ള ഒന്നാണ്. ആയതിനാൽ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചീഫ് എഡിറ്ററെ എഴുതി അറിയിക്കേണ്ടതാണ്.

ആത്മീക വർദ്ധനയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിലേക്ക് അനുയോജ്യമായ ലേഖനങ്ങൾ, കഥകൾ, കവിതകൾ, ചിത്രരചനകൾ എന്നിവ ക്ഷണിച്ചു കൊള്ളുന്നു. ബാലപംക്തി, കൗമാര പംക്തി, വനിതാ പംക്തി എന്നിവയിലേക്ക് എഴുതാനുള്ള അവസരം ഞങ്ങൾ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്നു.

എഡിറ്റോറിയൽ ബോർഡ് തെരഞ്ഞെടുക്കുന്ന രചനകൾ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്. നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രചനകളും അയക്കേണ്ട മേൽവിലാസം

Dr. BABU K. NORBERT,
KRIPA,
Vazhuthur,
Neyyattinkara P.O.,
Trivandrum - 695 121.

Mob: 9447242842
9400329842

# ബൈബിൾ പാഠനം (തുടർച്ച - 12)

## പത്തു കല്പനകൾ

Rev. C.Nesamony

**എട്ടാം കല്പന** - കൂട്ടുകാരന്റെ നേരെ കള്ള സാക്ഷ്യം പറയരുത്. പുറപ്പാട് 20:16, ആവർത്തനം 5:20.

എട്ടാം കല്പനയുടെ വിശദീകരണം :

നാം നമ്മുടെ കൂട്ടുകാരനോട് വഞ്ചനയായി കള്ളം പറയുകയോ അവന്റെ രഹസ്യങ്ങളെ വെളിവാക്കുകയോ, അവന് ദുഷ്പ്രവാദം പറകയോ, അവനെ അപകീർത്തിപ്പെടുത്തുകയോ ചെയ്യാതെ അവനെ താങ്ങി പറയുകയും, അവനെക്കുറിച്ചു നന്മ സംസാരിക്കുകയും എല്ലാറ്റിനും അവനെ ദയവായി നിദാനിക്കയും ചെയ്യുന്നതിന് നാം ദൈവത്തെ ഭയപ്പെടുകയും, സ്നേഹിക്കുകയും ചെയ്യണം.

കൂട്ടുകാരനോട് ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ രണ്ടു കാര്യങ്ങൾ എട്ടാം കല്പന പഠിക്കാൻ ആരംഭിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ കരുതിക്കൊള്ളുക.

ഒന്നാമതായി, കൂട്ടുകാരനോട് വഞ്ചനയായി കള്ളം പറകയോ, രഹസ്യങ്ങളെ വെളിപ്പെടുത്തുകയോ, ദുഷ്പ്രവാദം പറയകയോ, അപകീർത്തിപ്പെടുത്തുകയോ ചെയ്യരുത്.

രണ്ടാമതായി, അവനെ താങ്ങി പറയണം, നന്മ സംസാരിക്കണം, എല്ലാറ്റിലും ദയയോടു കൂടെ ഇടപെടുകയും വേണം.

നാം ഇതുവരെ ചിന്തിച്ച ഭൗതീക വസ്തുക്കളെക്കാൾ നമ്മുടെ ശരീരം, ജീവൻ, ജീവിത പങ്കാളി, മക്കൾ - മറ്റൊരു നിധി നമുക്കുണ്ട്. നമ്മുടെ മാനവും നല്ല പേരും തന്നെ. അപമാനിതരും, നിന്ദിതരുമായി, സമൂഹത്തിൽ തല ഉയർത്തി ജീവിക്കാൻ പ്രയാസം തന്നെ. അതുപോലെ ദുഷ്ക്കരമാണ് നമ്മുടെ കൂട്ടുകാരുടെയും - മനുഷ്യരുടെയും - കാര്യത്തിൽ. അതിനാൽ അവർ അപമാനിതരും, നിന്ദിതരുമായിത്തീരാവുന്ന ഒരു പ്രവർത്തികളിലും നാം ഏർപ്പെടരുത്. അധർമ്മവും ദുഷ്ടതയും പ്രവർത്തിച്ച്, അച്ചടക്കവും സംസ്ക്കാരവുമില്ല മനുഷ്യർക്ക് - സമൂഹത്തിന് - ഇതൊന്നും ഒരു പ്രശ്നമേ അല്ല. എന്നാൽ നീതി, ന്യായബോധവും, അച്ചടക്കവും, സംസ്ക്കാരവുമുള്ള നിലവാരം പുലർത്തുന്ന ജീവിതം നയിക്കുന്നവർക്കു ഇതു വലിയൊരു പ്രശ്നമാണ്.

ഈ രാജ്യത്തിലെ പ്രജകൾ എന്ന നിലയിൽ നാം കോടതികളിൽ വിസ്തരിക്കപ്പെടാനും, സാക്ഷികളാകാനും സാഹചര്യങ്ങൾ ഉണ്ടാകാം. എന്നാൽ അവിടെ കള്ളം പറയുകയും കള്ളസാക്ഷ്യം പറയുകയും അരുത്.

അശേഷം സത്യം ചെയ്യരുത്; .................. സ്വർഗ്ഗത്തെ കൊണ്ടു അരുത്; .................. ഭൂമിയെക്കൊണ്ട് അരുത്; .................. യെരുശലേമിനെക്കൊണ്ട് അരുത്; ................ നിന്റെ തലയെ കൊണ്ടു സത്യം ചെയ്യരുത്; ............. നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ. ഇതിൽ നിന്നു അധികമായത് ദുഷ്ടനിൽ നിന്നു വരുന്നു (മത്താ.5:33-37). തങ്ങളെക്കൊണ്ടും, മക്കളെക്കൊണ്ടും മക്കളുടെതലയിൽ അടിച്ചും, ബൈബിളിൽ അടിച്ചും, പള്ളിയെക്കൊണ്ടും സത്യം ചെയ്യുന്ന ധാരാളം മാതാപിതാക്കളുണ്ട്. അതുപോലെ ബൈബിളിനെ കൊണ്ടും, പഠിക്കുന്ന പുസ്തകത്തെക്കൊണ്ടും സത്യം ചെയ്യുന്ന ധാരാളം വിദ്യാർത്ഥികളും ഉണ്ട്. ഇതു ദൈവം വിരോധിക്കുന്നു. സത്യം ചെയ്യുന്നവർ തങ്ങളെത്തന്നെ 'അവിശ്വസ്തർ' എന്നു തെളിയിക്കുന്നു. 'സത്യം ചെയ്യരുത്' അതു ദൈവം നിരോധിക്കുന്നു. 'കള്ളക്കേസു കൊടുക്കുന്നവർ' ധാരാളം ഉണ്ട്. പ്രത്യേകിച്ച് സ്ത്രീകൾ, കേസ്സ് ഉറപ്പിക്കുന്നതിനായി 'സ്ത്രീപീഡനം' ആരോപിച്ച് മിക്കവാറും ആറാം കല്പനക്കു വിരോധമായ പാപം ആരോപിച്ചു കേസ്സുകൾ നല്കാറുണ്ട്. ഓർക്കുക. ആറാം കല്പനക്കു വിരോധമായ പാപമാണ് തങ്ങൾ ചെയ്യുന്നതെന്ന്. എല്ലാ രംഗങ്ങളിലും നമുക്കു സത്യസന്ധരായിരിക്കാൻ കഴിയണം. കോടതി കേസ്സുകളിൽ ക്രിസ്ത്യാനികൾ ഉൾപ്പെടുന്നതിനെ അപ്പൊസ്തലനായ പൗലോസ് നിശിതമായി വിമർശിക്കുകയും പാപമായി ചൂണ്ടി കാണിക്കുകയും ചെയ്യുന്നു. 'നിങ്ങളിൽ ഒരുത്തന് മറ്റൊരുവനോട് ഒരു കാര്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല, അഭക്തരുടെ മുമ്പിൽ വ്യവഹാരത്തിനു പോകുവാൻ തുനിയുന്നുവോ? വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യനോ? നിങ്ങൾക്കു തമ്മിൽ വ്യവഹാരം ഉണ്ടാകുന്നതു തന്നേ കേവലം പോരായ്മയാകുന്നു. അതിനു പകരം നിങ്ങൾ തമ്മിൽത്തമ്മിൽ സഹിച്ചു കൊള്ളാഞ്ഞത് എന്ത്? നഷ്ടം ഏറ്റുകൊള്ളാത്തത് എന്ത്? (അപ്പൊ.പ്രവൃത്തികൾ 6:1-20). നമുക്കു കോടതി വ്യവഹാരങ്ങളിൽ നിന്നു ഒഴിഞ്ഞിരിക്കാം. സഭയിലെ മൂപ്പന്മാരെ മദ്ധ്യസ്ഥരായി അംഗീകരിക്കാം (മത്താ.18:15-17 വരെ) യേശുക്രിസ്തുവിന്റെ വ്യവസ്ഥ പിന്തുടരാം. നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു..... കാര്യം അവനു ബോധം വരുത്തുക. അവൻ നിന്റെ വാക്കു കേൾക്കാഞ്ഞാലോ രണ്ടു മൂന്നു സാക്ഷികളുടെ വായാൽ സകല കാര്യവും അവനു ബോധം വരുത്തു

ക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയോട് അറിയിക്ക. സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്ന പോലെ ഇരിക്കട്ടെ. നമുക്കു ഇതിനപ്പുറം ഒരു പ്രമാണം ഉണ്ടാക്കിക്കൂടാ, ഒന്നു പരീക്ഷിച്ചു നോക്കുക. വിജയം നിശ്ചയം.

കൂട്ടുകാരനെക്കുറിച്ചോ, കൂട്ടുകാരനോടോ കള്ളം പറകയോ, ദോഷത്തിനായി മൗനം പാലിക്കുകയോ, രഹസ്യങ്ങളെ വെളിപ്പെടുത്തി ഒറ്റിക്കൊടുക്കുകയോ, കൂട്ടുകാരന്റെ സൽകീർത്തിയെ നശിപ്പിക്കുന്ന എല്ലാ സംസാരവും, നിരൂപണങ്ങളും ഒഴിവാക്കണം. ഇവ ബന്ധങ്ങളെ വഷളാക്കുന്ന പ്രവർത്തികളാണ്. ദുരാരോപണങ്ങൾ നിരൂപിക്കുകയും, ദൂഷണം പറയുകയും ചെയ്യുന്നത് പലരുടെയും ജന്മവാസനയാണ്. അതിൽ സുഖം കണ്ടെത്തുകയും ചെയ്യുന്നു. നല്ല ബന്ധങ്ങൾ നിലനിർത്തുമ്പോൾ പരസ്പരം രഹസ്യങ്ങൾ കൈമാറാറുണ്ട്. തെറ്റിപ്പിരിയുമ്പോൾ അതു വിളിച്ചു പറയാറുമുണ്ട്. അത് ഒരാളിന്മേലുള്ള വിശ്വസ്തതയുടെ ലംഘനമാണ്. മറിയക്കുട്ടി കൊലക്കേസിൽ പ്രതി ചേർക്കപ്പെട്ട ഫാദർ ബനഡിക്ട് സാഹചര്യ തെളിവിലൂടെയാണ് ശിക്ഷിക്കപ്പെട്ടു ജയിൽ വാസം അനുഭവിച്ചത്. യഥാർത്ഥ പ്രതിയെ അദ്ദേഹത്തിനറിയാമായിരുന്നു എന്നും എന്നാൽ അദ്ദേഹം കുറ്റം ഏറ്റു പറഞ്ഞു കുമ്പസരിച്ചതിനാൽ ആ രഹസ്യം വെളിപ്പെടുത്തിയില്ല എന്നൊരു അഭിപ്രായവും അന്നു പുറത്തു വന്നിരുന്നു. 'കുമ്പസാര രഹസ്യം പുറത്തു പറഞ്ഞു കൂടാ' എന്ന നിബന്ധനയുള്ളതിനാൽ പുരോഹിതന്മാർ അതു സൂക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്. ഓരോ ക്രിസ്ത്യാനിയും ഈ ബാദ്ധ്യത ഏറ്റെടുത്തു നിവർത്തിക്കാൻ ബാദ്ധ്യസ്ഥരുമാണ്. മറ്റുള്ളവരുടെ മാന്യതക്കും, നല്ല പേരിനും കളങ്കം വരുത്തുന്ന യാതൊന്നും നമ്മിൽ നിന്നുണ്ടാകാൻ പാടില്ല.

രണ്ടാമതായി, കൂട്ടുകാരനു നേരെ വരുന്ന എല്ലാ വ്യാജാരോപണങ്ങളെയും എതിർത്ത് അവനു അനുകൂലമായി സംസാരിക്കണം. കൂട്ടുകാരന്റെ സൽപ്രവർത്തികളെയും സൽഗുണങ്ങളെയും കഴിയുന്നിടത്തോളം പ്രകീർത്തിക്കുകയും, നന്മ സംസാരിക്കുകയും വേണം. അതുപോലെ കൂട്ടുകാരുടെ തെറ്റുകളെയും ബലഹീനതകളെയും അവനു അനുകൂലമായി പരിഗണിച്ച് പെരുമാറണം.

ന്യായപ്രമാണത്തിന്റെ ലംഘനമാണ് പാപം. പാപത്തിൽ ജീവിക്കുന്നവരാരും ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു ദൈവം വെളിവാക്കുന്നു. 1 കൊരി. 6:9, 10; ഗലാ.5:19-21; കൊലൊ.3:5-7 എന്നീ ഭാഗങ്ങളിൽ ഈ പാപങ്ങളുടെ പട്ടിക കാണാം. അതിൽ കള്ളസാക്ഷികളും ഉൾപ്പെടും. പാപം ഉണർന്ന് അനുതപിച്ച് ഏറ്റുപറയുമ്പോൾ ദൈവം പാപം മോചിക്കുന്നു. നാം എല്ലാവരും ഈ ഒരു വഴി പിന്തുടരാൻ ഒരുങ്ങണം. ഇപ്പോൾ നമുക്കു നമ്മുടെ അവസ്ഥ മനസ്സിലാക്കാൻ ദൈവം ഒരുക്കുന്ന അവസരമാണ് ഇത്.

**തെറ്റിപ്പോയ കൂട്ടുകാർ ഒന്നിക്കുന്നു - ഒന്നിപ്പിക്കുന്നു**

ഉറ്റ സ്നേഹിതന്മാരായി മൂന്നു പേർ ഉണ്ടായിരുന്നു. പരസ്പരം മനസ്സിലാക്കുന്നവരും, രഹസ്യങ്ങൾ കൈമാറുന്നവർക്കും മാന്യന്മാരുമായിരുന്നു. എന്തോ കാരണത്താൽ അവരിൽ രണ്ടു പേർ ബദ്ധ ശത്രുക്കളായിത്തീർന്നു. മൂന്നാമനു സഹിക്കാൻ കഴിയാത്ത വ്യഥയാണ് അതുണ്ടാക്കിയത്.

കുറച്ചു കാലങ്ങൾക്കു ശേഷം രണ്ടു പേരിൽ ഒരുവനെ മൂന്നാമൻ കണ്ടുമുട്ടി. മറ്റെയാളെക്കുറിച്ച് ചില വിഷയങ്ങൾ നല്ല കാര്യങ്ങൾ പങ്കു വച്ചു. എന്നാൽ അദ്ദേഹം ക്രുദ്ധിച്ചു പൊയ്ക്കളയുകയായിരുന്നു ചെയ്തത്. ചില നാളുകൾക്കു ശേഷം മറ്റെ സുഹൃത്തിനെ കണ്ടപ്പോൾ ഒന്നാമന്റെ ഗുണവിശേഷങ്ങളും അന്വേഷണവും അറിയിച്ചു. അദ്ദേഹവും ക്രുദ്ധിച്ചു പൊയ്ക്കളഞ്ഞു. വീണ്ടും ഇരുവരേയും കണ്ടുമുട്ടിയപ്പോൾ പരസ്പരം ക്ഷേമാന്വേഷണങ്ങൾ നടത്തിയതായും ചെയ്ത തെറ്റിൽ അനുതപിക്കുന്നതായും അറിയിച്ചു. ഇപ്രകാരമുള്ള സംഭവങ്ങൾ സുഹൃത്തിന്റെ സംഭാവനയായിരുന്നു, എടുത്തു ചേർത്തതായിരുന്നു. കുറച്ചു നാളത്തെ പരിശ്രമത്തിനു ശേഷം ഇരുവരും കണ്ടുമുട്ടിയപ്പോൾ പരസ്പരം പുഞ്ചിരിച്ചു പിരിഞ്ഞു. അധികം താമസിയാതെ മൂവരും പൂർവ്വാധികം ബന്ധമുള്ള സുഹൃത്തുക്കളായിത്തീർന്നു. മൂന്നാമൻ ഇവരെയും കുറിച്ച് കരുതലോടെ പ്രവർത്തിച്ചപ്പോൾ അവരുടെ സുഹൃത്ത് ബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞു. നമുക്കും നല്ല സ്നേഹിതരും കൂട്ടുകാരുമായി തീരാം. അങ്ങനെ എട്ടാം കല്പനയുടെ അനുസരണവലയത്തിൽ നമുക്കും കൂട്ടു കൂടാം.

---

ബാലപംക്തി






Rohin Reen (Std: VIII),
S/o Reen & Chithra,
Lutheran Church, Mylakara



ജെ.എസ്.ദന്താശുപത്രി
(Transforming Smiles Since 1996)
കോളേജ് റോഡ്, കാഞ്ഞിരംകുളം
Ph: 0471 2260424
Decay
Inflamed Pulp
Infected Pulp
പ്രവർത്തന സമയം
9 AM to 1 PM
3 PM to 7 PM
Dr. Melvin Joseph BDS
Ph: 9846471685

# EZHUTHACHAN COLLEGE OF PHARMACEUTICAL SCIENCES

(Run by Ezhuthachan National Academy)
An ISO 9001 : 2015 Certified Institution
Marayamuttom P. O, Neyyattinkara, Thiruvananthapuram-695 124

## Our Features

- Approved Research Centre
- Decades rich legacy in quality education
- Maintaining excellence in academic standards
- Eco-friendly atmosphere
- Dedicated & experienced team of faculty
- Digitalized tools for teaching and learning
- Individually focused academic structure
- Well-equipped laboratory with modern equipments
- Hassle free to and fro transportation facility connecting rural and urban areas of Thiruvananthapuram.
- Digitalized library with voluminous books and journals
- Digitalized & morden lecture hall
- Well established Institute-Industry interaction cell which provides timely visit to reputed Pharmaceutical Industries
- Secured, spacious and separate hostel facility for boys and girls
- Co curricular activities through NSS, RRC, ICC,YIP, IEDC and Student's union
- 100% placement assistance through Placement Cell
- Round the clock Student Support and Guidance Cell
- Round the clock Pharmacovigilance program under the Department of Pharmacy Practice as per the directives of Pharmacovigilance Programme of India (PvPI)
- Following current Good Clinical Practices, under the guidance of highly qualified and renowned doctors of various departments.

## Courses Offered

B.Pharm ( 4 Years Degree)
M.Pham (2 Years Degree)
* Pharmaceutical Chemistry
* Pharmaceutics
* Pharmacology
Pharm .D (6 Years Degree)
D.Pharm ( 2 Years Diploma)
Ph.D

## THUNCHAN SMARAKA PUBLIC SCHOOL

SENIOR SECONDARY
Marayamuttom | Ph : 0471-2995070, 6235628070
Affiliated to CBSE | New Delhi No : 931199

Classes : **PRE KG - PLUS TWO**

## EZHUTHACHAN INSTITUTE OF TEACHER EDUCATION (TTI)

Marayamuttom, Neyyattinkara | Tel : 0471 2278070

Courses : **Diploma in Elementary Education (D.El.Ed) (TTC)**


Printed and Published by Dr.Babu K Norbert, Kripa, Vazhuthur, Neyyattinkara, TVM
Designed & Printed at Rainbow Offset Press, Vadoorkonam